ഡോക്ടർ കെ. സി. ജോസഫ് അവതരിപ്പിച്ച, ''ഒരു പിന്നോക്ക പ്രദേശമായ കുട്ടനാടിന്റെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുവേണ്ടി, കുട്ടനാട് താലൂക്ക്, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, ചേർത്തല, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകളുടെ കുട്ടനാടൻ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു കുട്ടനാടൻ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു''. എന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ നൽകേണ്ട കുടിശ്ശിക

12 NOON]

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. ''റിബേറ്റിനത്തിൽ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് നൽകേണ്ട.....

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ആദ്യത്തെ പ്രമേയം അംഗീകരിച്ചുവെന്ന് പറഞ്ഞു. ഭേഗേതിയോടുകൂടിയാണോ അംഗീകരിച്ചത് ഭേഗേതി തള്ളിക്കൊണ്ടാണോ അംഗീകരിച്ചത്?

മി. ചെയർമാൻ: ഭേഗതി മൂവ് ചെയ്തിട്ടില്ല. ശ്രീ. സി. കെ. തങ്കച്ചൻ ഭേഗതി മൂവ് ചെയ്തിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: മൂവ് ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് ചോദിച്ചില്ല. അങ്ങനെയൊരു നടപടിക്രമമില്ലേ?

മി. ചെയർമാൻ: ഭേഗതി ആരും മൂവ് ചെയ്തില്ല.

ശ്രീ. ഇ. കെ. നായനാർ: മൂവ് ചെയ്യുന്നുണ്ടായെന്ന് ചോദിക്കണ്ടേ? ആരെയെങ്കിലും വിളിച്ചോ? ആരെയും വിളിച്ചില്ല. ചെയറിന് ഒരു നടപടിക്രമമില്ലേ?

ശ്രീ. എ. സി. ജോസ്: ഇപ്പോൾ സ്വകാര്യാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും ചർച്ച ചെയ്യുമ്പോൾ ഭേഗതി കൊടുക്കുന്ന അടിസ്ഥാനത്തിലല്ല ചർച്ചചെയ്തത് പോകുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഓരോ പാർട്ടിയിൽനിന്നും പ്രസംഗിക്കാനുള്ള ആളുകളുടെ പേര് പറയും. ഭേഗതി കൊടുത്ത് ചർച്ച ചെയ്യാറില്ല, ഈപ്രാവശ്യം അങ്ങനെ ചർച്ച ചെയ്തിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: ശ്രീ. ജോസിന് അത് അറിഞ്ഞുകൂടാത്തതുകൊണ്ടാണ്. ഇപ്പോൾ ആ സിസ്റ്റമല്ല.

ശ്രീ. എം. വി. രാഘവൻ: പ്രമേയത്തിന്റെ ചർച്ച തുടങ്ങുമ്പോൾതന്നെ മൂവ് ചെയ്യുന്നുണ്ടോയെന്ന് ചെയറിൽനിന്ന് ചോദിക്കുകയും മൂവ് ചെയ്യുകയും ചെയ്യാറുണ്ട്. മൂവ് ചെയ്യാൻ സീറ്റിൽ ഇല്ലാത്തവരുടെ ഭേഗതി പിന്നെ എടുക്കുകയില്ല. അത് ആദ്യം ഭേഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചില്ല. അതിന് ഞങ്ങൾ ഉത്തരവാദിയല്ല. അതുകൊണ്ട് ഇപ്പോൾ മൂവ് ചെയ്യാൻ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): വളരെ ലളിതമായ ഒരു കാര്യമാണ്. പ്രമേയം ഒരു മെമ്പർ അവതരിപ്പിച്ചു. അതിനെ അനുകൂലിച്ചു കൊണ്ടാണ് എല്ലാവരും പ്രസംഗിച്ചത്. ആരും എതിർത്തിട്ടില്ല, ഭേദഗതി മൂവ് ചെയ്തിട്ടില്ലെന്നാണ് ചെയറിന്റെ റൂളിംഗ്. ഭേദഗതി ഇപ്പോൾ നിലവിലില്ല. ഇല്ലാത്തതുകൊണ്ട് സഭയുടെ മുമ്പിലുള്ളത് പ്രമേയം മാത്രമാണ്.

ശ്രീ. ഇ. കെ. നായനാർ: ശ്രീ. അഹമ്മദിന്റെ വാദം കേട്ടാൽ കുഴപ്പത്തിലാകും. അഹമ്മദ് കുഴപ്പത്തിലാകാനാണ് പറയുന്നത്. ചെയർ സാധാരണ ചോദിക്കാറുണ്ട്, ഒരുപക്ഷേ മൂവ് ചെയ്യേണ്ട സുഹൃത്തുക്കൾ മൂവ് ചെയ്യുന്നില്ലെന്ന് പറയും, യൂനാനിമസ്സായിട്ട് പാസ്സാകും, പിശകു വന്നത് അങ്ങനെ ചോദിക്കാതെ already passed എന്ന് പറഞ്ഞതു കൊണ്ടാണ്. ഇല്ലെങ്കിൽ ആരും നിർബന്ധിക്കാൻ പോകുന്നില്ല.

ശ്രീ. ഇ. അഹമ്മദ്: പ്രതിപക്ഷനേതാവ് പറഞ്ഞതുതന്നെയാണ് അംഗീകരിച്ചത്, പ്രമേയം അവതരിപ്പിച്ചു. ഭേദഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചോ ഇല്ലയോയെന്ന് ഞാൻ അറിഞ്ഞില്ല. (ബഹളം)

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: പ്രസംഗിക്കുന്ന ആളുകൾ ഭേദഗതി മൂവ് ചെയ്യുന്ന സമ്പ്രദായമില്ല. കാരണം പ്രസംഗം പാർട്ടി അടിസ്ഥാനത്തിലാണെന്ന് നേരത്തേ ഒരു ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു. ഭേദഗതി തരുന്നത് ആ ഒരു മെമ്പറുടെ അവകാശമാണ് അത് അവതരിപ്പിക്കാൻ സൗകര്യം കൊടുക്കണം. അങ്ങനെ സൗകര്യം കൊടുത്തിട്ടില്ല. രണ്ടാമത്തെ പ്രമേയത്തിനും ഭേദഗതികൾ കൊടുത്തിട്ടുണ്ട്. അതും ഇങ്ങനെ പോകാൻ പാടില്ല. ഈ പ്രമേയത്തിന്റെ ഭേദഗതി അവതരിപ്പിക്കണം.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. പ്രമേയം പാസ്സായതായി ചെയറിൽനിന്ന് പ്രഖ്യാപിക്കുകയും രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കുന്നതിന് മെമ്പറെ വിളിക്കുകയും പ്രമേയം അവതരിപ്പിക്കുകയും ചെയ്തപ്പോൾ ഇങ്ങനെ പറയുന്നത് ഓർഡറിലാണോ? പ്രമേയം പാസ്സായിയെന്ന് പ്രഖ്യാപിച്ചപ്പോൾ യാതൊരു ഒബ്ജക്ഷനും ഇല്ലായിരുന്നു.

ശ്രീ. ഇ. കെ. നായനാർ: തെറ്റായ നടപടിക്രമം സ്വീകരിക്കുമ്പോൾ അത് ചൂണ്ടിക്കാണിക്കണ്ടേ?

ശ്രീ. തച്ചടി പ്രഭാകരൻ: രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: ആർഡറിലുള്ള ഭേദഗതികൾ മൂവ് ചെയ്യുന്നുണ്ടോയെന്ന് ചെയറിൽനിന്ന് ആദ്യം ചോദിക്കും. അത് കഴിഞ്ഞ് ഓരോ പാർട്ടിയിൽനിന്നും പ്രസംഗിക്കേണ്ട മെമ്പർമാരുടെ പേര് വിളിക്കും. ഇവിടെ ഭേദഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ചെയറിൽനിന്ന് ചോദിച്ചിട്ടില്ല. ഫൈനലായിട്ട് പാസ്സാക്കുന്നതിനുമുമ്പ് ഭേദഗതി മൂവ് ചെയ്യണം. ഇത് കീഴ്വഴക്കമായിട്ട് പോകും.

ശ്രീ. എ. സി. ജോസ്: ശ്രീ. പീതാംബരൻ മാസ്റ്റർ പറഞ്ഞത് അംഗീകരിക്കാം. രണ്ടാമത്തെ പ്രമേയത്തിന് ഭേദഗതിയുണ്ടോയെന്ന് ചോദിച്ചിട്ട്
....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. പ്രഭാകരൻ പറഞ്ഞതുപോലെ ഭേദഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ആദ്യം ചെയറിൽനിന്നും ചോദിക്കേണ്ടതായിരുന്നു. അങ്ങനെ ചോദിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോയെന്ന് ചോദിക്കേണ്ട ആവശ്യമില്ല. അങ്ങ് പ്രമേയം പാസ്സായിരിക്കുന്നുവെന്ന് പറഞ്ഞതിനുശേഷം ഈ ഉന്നയിക്കുന്നത് അപ്രസക്തമാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: എന്റെ ഭേദഗതിയുണ്ട്. ഞാൻ ഈ സഭയിലെ അംഗമാണ്. എന്നോട് ഭേദഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: മന്ത്രി പ്രമേയം അംഗീകരിക്കുന്നുവെന്ന് പറഞ്ഞു. അത് പാസ്സാക്കി കഴിഞ്ഞിട്ടില്ല. ഭേദഗതി മൂവ് ചെയ്തിട്ടു വേണം ഫൈനലായിട്ട് പാസ്സാക്കാൻ. പ്രമേയം മന്ത്രി സ്വീകരിച്ചാൽ സഭയുടെ അംഗീകാരം ആവുകയില്ല സ്പീക്കർ ഫൈനലായി പാസ്സായിയെന്ന് പ്രഖ്യാപിച്ചിട്ടില്ല. ഭേദഗതി മൂവ് ചെയ്യാൻ അവസരം തരണം.

ശ്രീ. തച്ചടി പ്രഭാകരൻ: പാസ്സായതായി പ്രഖ്യാപിച്ചു. രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കുകയും ചെയ്തു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഇവിടെ ചില നടപടിക്രമങ്ങളുണ്ട്. നടപടിക്രമങ്ങളനുസരിച്ചല്ലാതെ തെറ്റായി എന്തെങ്കിലും ചെയ്താൽ അത് തിരുത്തി ശരിയാക്കി കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ട് ഒന്നുമില്ല. ശരിയായിതന്നെ കൊണ്ടുപോകണം. വേറെ പ്രതിബന്ധമൊന്നുമില്ല. നടപടിക്രമത്തിനെതിരായി പോയാൽ നാളെ ഇത് കീഴ്വഴക്കമാകും.

മി. ചെയർമാൻ: ഭേദഗതി ആരും മൂവ് ചെയ്തില്ല. ബഹുമാനപ്പെട്ട മന്ത്രി പ്രമേയം അംഗീകരിക്കുകയും ചെയ്ത നിലയ്ക്ക്.....

ശ്രീ. സി. കെ. തങ്കപ്പൻ: ചെയർ ചോദിക്കേണ്ടതാണ്. ചെയർ ചോദിച്ചില്ല.

ശ്രീ. എം. വി. രാഘവൻ: ഇപ്പോൾ ഭേദഗതി മൂവ് ചെയ്യുന്നവർ ഉണ്ടെങ്കിൽ ഭേദഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചാൽ മതി. പ്രമേയം പാസ്സാക്കാമല്ലോ. തെറ്റായ കീഴ്വഴക്കം എന്തിനാണ് സൃഷ്ടിക്കുന്നത്. മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിക്കാനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. അത് നിർവ്വഹിച്ചില്ല. അത് നിർവ്വഹിക്കണം. അത് മെമ്പറുടെ അവകാശമാണ്.

ശ്രീ. എ. സി. ജോസ്: ശ്രീ. പീതാംബരൻ മാസ്റ്റർ പറഞ്ഞതുപോലെ ഇനിമുതൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ രണ്ടാമത്തെ പ്രമേയത്തിന് ഭേദഗതിയെടുക്കണം. ആദ്യത്തെ പ്രമേയം പാസ്സായതായി പ്രഖ്യാപിക്കുകയും രണ്ടാമത്തെ പ്രമേയം ആരംഭിക്കുകയും ചെയ്തതിനുശേഷം ചീത്ത കീഴ്വഴക്കം സൃഷ്ടിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ: എന്റെ ഭേദഗതി നിലനിൽക്കുകയാണ്. എന്നോട് ചോദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ഭേദഗതി മൂവ് ചെയ്യാത്തിടത്തോളംകാലം നില നിൽക്കുകയില്ല. അതുകൊണ്ട് അടുത്ത പ്രമേയത്തിന്റെ ഭേദഗതി..... അടുത്ത പ്രമേയം അവതരിപ്പിച്ചതിനുശേഷം അങ്ങനെ ചെയ്യാൻ പാടില്ല. പ്രമേയം പാസ്സായി സഭ അംഗീകരിച്ചുവെന്ന് ചെയർ പറഞ്ഞു കഴിഞ്ഞതാണ്.

മി. ചെയർമാൻ: പ്രമേയം മന്ത്രി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമേയം പാസ്സായതായി അംഗീകരിക്കുന്നു. അടുത്ത പ്രമേയത്തിന് ബഹുമാനപ്പെട്ട മെമ്പർമാർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. വി. രഘവൻ: ചെയറിൽ ഇരുന്നിട്ട് തെറ്റായ നടപടി സ്വീകരിക്കുന്നത് നല്ലതല്ല. ചെയറിലിരിക്കുമ്പോഴും ആരെല്ലാം പ്രസംഗിക്കാനുണ്ട് എന്തെല്ലാം ചെയ്യാനുണ്ടെന്ന് നോക്കണം. അതല്ലാതെ അപ്പുറത്തു നിന്ന് കാസ്റ്റിങ് സ്പീക്കർ പറയുന്നതനുസരിച്ച് റൂളിങ് നൽകിയാൽ ശരിയാവുകയില്ല. അത് ഇതുവരെയുള്ള നടപടിക്രമം തകരാറിലാക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: ചെയറിന് അധികാരമുണ്ട്. ചെയർ റൂളിങ് നൽകിയാൽ അത് ചോദ്യം ചെയ്യാൻ പാടില്ല. ശ്രീ. എം. വി. രാഘവൻ പറയുന്നതുപോലെ ചെയർ റൂളിങ് നൽകണമെന്ന് നിയമത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: ശ്രീ. ഹസ്സനും കാസ്റ്റിങ്ങും ഒക്കെ പറഞ്ഞതുകൊണ്ട് തന്നെയാണ് ഞങ്ങളും പറയുന്നത്. ഇങ്ങനെയൊരു കീഴ്വഴക്കം.....(ബഹളം).....

ശ്രീ. ജി. കാർത്തികേയൻ: സർ, അത് പിൻവലിക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലുള്ളവർ ഇങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. എം. എം. ഹസ്സൻ: പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെ പ്രത്യേകമായി സഭയുടെ രജിസ്റ്ററിലുള്ള പേരുകളും പറഞ്ഞാണ് സംബോധന ചെയ്യേണ്ടതും സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെ സംബോധന ചെയ്യുന്നതിന് വ്യക്തമായ നിയമമുണ്ടായിരിക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട എ. സി. ജോസിനെ കാസ്റ്റിംഗ് മെമ്പർ എന്ന് വിളിച്ച് സംബോധന ചെയ്തത് ആർഡറിലാണോ? പ്രതിപക്ഷ നേതാവിനെപ്പോലെ ഞങ്ങളൊക്കെ ബഹുമാനിക്കുന്ന ബഹുമാനപ്പെട്ട ഒരു മെമ്പറെ അദ്ദേഹത്തിന് പേരുണ്ടായിരിക്കെ, സഭയിൽ പേരുപറഞ്ഞ് സംബോധന ചെയ്യണമെന്ന് വ്യവസ്ഥ ഉണ്ടായിരിക്കെ കാസ്റ്റിംഗ് മെമ്പർ എന്ന് പറഞ്ഞത് ആർഡറിലാണോ, ഇത് സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് ആവശ്യമാണ്.

(ബഹളം)

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാസ്റ്റിംഗ് പറയുന്നതുപോലെ എന്നേ പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടുള്ളൂ പേരൊന്നും പറഞ്ഞിട്ടില്ല. വെറുതെ എന്തിനാണ് ആ തൊപ്പിയെടുത്ത് തലയിൽ വയ്ക്കുന്നത്?

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: കഴിഞ്ഞ കുറേ ദിവസങ്ങളായി ആ ഭാഗത്തു നിന്ന് പല മെമ്പറൻമാരും ഈ ദുഃസൂചന പ്രകടിപ്പിക്കുന്നുണ്ട്. ശ്രീ. എ. സി. ജോസിന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ടാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എന്നാണ്. അത് രേഖയിലുണ്ട്. അങ്ങേയ്ക്ക് പരിശോധിക്കാം. നമ്മളെല്ലാം കേട്ടതാണ്. അദ്ദേഹത്തെപോലെ ബഹുമാന്യനായ ഒരാൾ ഇങ്ങനെ പരാമർശിക്കുന്നത് ആർഡിനറിലാണോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതിനകത്ത് ആകെയുള്ള സംഗതി, ദുരുദ്ദേശത്തോടുകൂടി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നുള്ളതാണ് മാത്രമേയുള്ളൂ. സാധാരണഗതിയിൽ ഇന്ന നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട അംഗമെന്ന് പറയണമെന്നുണ്ടെങ്കിലും അതൊന്നും ഇവിടെ ആരും പറയാറില്ല. ഇന്നുകാലത്തും ബഹുമാനപ്പെട്ട ഒരു മന്ത്രി മറെറാരു മന്ത്രിയെ ജേക്കബ് ചേട്ടൻ എന്ന് വിളിച്ചു. അത് സഭയുടെ രേഖകളിലുണ്ട്. സാധാരണ ഗതിയിൽ ബഹുമാനപ്പെട്ട ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രിയെ എല്ലാഭാഗത്തു നിന്നും സ്വാമി, സ്വാമി എന്ന് പറയാറുണ്ട്. അത് ഇവിടത്തെ രേഖയിലുണ്ട്. ഞാൻ ബഹുമാനപ്പെട്ട സുന്ദരം മന്ത്രിയെ ഇന്നത്തെ തീയതി വരെ സ്വാമിയെന്ന് പറഞ്ഞിട്ടില്ല. പക്ഷേ റിക്കാർഡിലുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. അതുപോലെതന്നെ ശ്രീ. വർക്കല രാധാകൃഷ്ണനെ സാധാരണഗതിയിൽ വർക്കല എന്നുമാത്രമേ പറയാറുള്ളൂ. അതുപോലെതന്നെ ശ്രീ. തച്ചടി പ്രഭാകരനെ ഞാൻ ഈ സഭയിൽ വന്നതിനുശേഷം തച്ചടി എന്ന് മാത്രമേ പറഞ്ഞു കേട്ടിട്ടുള്ളൂ. ഞാൻ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ എന്നല്ലാതെ തച്ചടിയെന്ന് വിളിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ പറയുന്നത്, ഇതിൽ എന്തെങ്കിലും ദുരുദ്ദേശം ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മുൻ സ്പീക്കർ എന്നുള്ള നിലയിലാണ് ബഹുമാനപ്പെട്ട മുൻ സ്പീക്കറെ അറിയിക്കാത്തക്കനിലയിൽ എന്തെങ്കിലും വാക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഇൻസിനുവേഷൻ അല്ലായെന്ന് അദ്ദേഹം പറയുന്നിടത്തോളം കാലം അതിൽ യാതൊരു തെറ്റുമില്ല.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനേക്കാൾ മോശമായ രീതിയിൽ ഇങ്ങനെയൊരു വ്യാഖ്യാനം ശ്രീ. ചന്ദ്രശേഖരൻ കൊടുത്തത് ശരിയല്ല. ഇവിടെ എല്ലാപേരും കേട്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുതന്നെ അറിയാം ഏത് രീതിയിലാണ് അദ്ദേഹം ആ വാക്ക് ഉപയോഗിച്ചതെന്ന്. ശ്രീ. ഹസ്സനും കാസ്റ്റിംഗുമൊക്കെ പറയുന്നതുപോലെയെന്ന്, ഒരു ദുഃസൂചന വച്ചുകൊണ്ട് ശ്രീ. എ. സി. ജോസിനെ ഇങ്ങനെ അഭിസംബോധന ചെയ്തത് വളരെ തെറ്റായിപ്പോയി. അത് ശരിയല്ല, അതിനെ ന്യായീകരിച്ചതും ശരിയല്ല.

(ബഹളം)

ശ്രീ. ഇ. കെ. നായനാർ: ഞാൻ കാസ്റ്റിംഗ് എന്നുപറഞ്ഞതിൽ ആർക്കെങ്കിലും വേദനയുണ്ടെങ്കിൽ ഞാൻ അത് മാറ്റുന്നു. അത് ഞാൻ നേരത്തെ തന്നെ പറഞ്ഞു. പക്ഷേ ആ തൊപ്പി ആരുടേയെങ്കിലും തലയിലുണ്ടെങ്കിൽ അവർ ധരിച്ചോട്ടെ. അതേ സമയത്ത് ഞാൻ സൂചിപ്പിച്ചത് എന്താണെന്ന് വച്ചാൽ ഒരു കീഴ്വഴക്കം തെറ്റായി നടത്തിയാൽ അതിനെ ന്യായീകരിക്കുന്ന ഹസ്സൻ, അതിനെ ന്യായീകരിക്കുന്ന മറ്റ് മെമ്പർമാർ, തെറ്റായ കീഴ്വഴക്കം ന്യായീകരിക്കാൻ പാടില്ല. അത് ഉറപ്പിച്ച് പറയാനാണ് ഞാൻ പറയുന്നത്. പിന്നെ കാസ്റ്റിംഗ് എന്നു പറഞ്ഞ ആ തൊപ്പി ആർക്കെങ്കിലും വേണമെങ്കിൽ എടുത്തുകൊള്ളട്ടെ. അതിൽ ആർക്കെങ്കിലും ഇഷ്ടക്കേട് ഉണ്ടെങ്കിൽ ഞാൻ അത് ഉപയോഗിച്ചിട്ടില്ല. തീർച്ചയായും ആ തൊപ്പി ധരിച്ചവർ നടന്നുകൊള്ളട്ടെ. പക്ഷെ ഈ തെറ്റ് നടത്താൻ പാടില്ല. അത് തിരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: റൂൾ റിംഗ് ഒരു പ്രശ്നമായി ഇപ്പോൾ മാറിയത് ഈ അമൻറ്മെൻറ് വോട്ടിനിട്ടാൽ ഈ ഗവൺമെൻറ് തോൽക്കും എന്നുള്ളതുകൊണ്ട് സൂത്രത്തിൽ അതിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയിട്ടാണ്. ഞങ്ങൾ പറഞ്ഞത് അമൻറ്മെൻറ് മൂവ് ചെയ്യാൻ അനുവദിക്കണം. വോട്ടിനിടണം എന്നാണ്.

മി. ചെയർമാൻ: ഇതിൻെറ റൂളിംഗ് നേരത്തേ നൽകി കഴിഞ്ഞു. ശ്രീ. വി. ജെ. തങ്കപ്പൻ അടുത്ത പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ബേബിജോൺ: ഇനിയെങ്കിലും നടപടിക്രമങ്ങൾ സൂക്ഷിക്കണം. അതായത് ഭേദഗതി അവതരിപ്പിക്കാനുള്ള അവകാശം അംഗങ്ങൾക്കുണ്ട്. മുമ്പ് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്തതാണ്. കഴിഞ്ഞ കാര്യം പോകട്ടെ. ഇനിയെങ്കിലും ആ നടപടിക്രമം സ്വീകരിക്കണം.

മി. ചെയർമാൻ: ശ്രീ. വി. ജെ. തങ്കപ്പൻ നോട്ടീസ് നൽകിയിട്ടുള്ള രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. വി. രാഘവൻ: സർ, ആദ്യത്തെ പ്രമേയത്തെ സംബന്ധിച്ച് പലരും ഇവിടെ ഭേദഗതി കൊടുത്തിട്ടുണ്ട്. ആ ഭേദഗതി മൂവ് ചെയ്യാൻ സമയം കിട്ടിയിട്ടില്ല. സാധാരണ മൂവ് ചെയ്യാൻ സമയം കൊടുക്കാറുണ്ട്. അതുകൊണ്ട് രണ്ടാമത്തെ പ്രമേയത്തിലേക്ക് കടക്കുന്നതിനുമുമ്പ് ആദ്യത്തെ പ്രമേയത്തെ സംബന്ധിച്ച് ഞങ്ങൾ കൊടുത്തിട്ടുള്ള ഭേദഗതി മൂവ് ചെയ്യാൻ അവസരം കിട്ടണമെന്നാണ് ചെയറിനോട് പറഞ്ഞത്. ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് മന്ത്രി പ്രമേയത്തെ അനുകൂലിക്കുന്നതുകൊണ്ട് പാസായി എന്നാണ്. മന്ത്രി പ്രമേയത്തെ അനുകൂലിക്കുന്നത്, എഴുതിയ പ്രമേയമാണ്. ആ പ്രമേയത്തിന് ഞങ്ങൾക്ക് ചില ഭേദഗതികളുണ്ട് അത് മൂവ് ചെയ്യാൻ ഞങ്ങൾക്ക് അവകാശമുണ്ട്. സാധാരണ ചെയർ അനുവദിക്കുന്നതാണ്. അതാണ് ഞങ്ങൾ പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ: ആദ്യത്തെ പ്രമേയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിൽനിന്ന് ഫൈനലായിട്ട് റൂളിംഗ് നൽകുകയും രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കാൻ ശ്രീ. തങ്കപ്പനെ ക്ഷണിക്കുകയും ചെയ്തപ്പോൾ അദ്ദേഹം എഴുന്നേറ്റ് നിൽക്കുകയും ചെയ്ത സാഹചര്യത്തിൽ ചെയറിൻെറ റൂളിംഗിനെ പരാമർശിച്ചുകൊണ്ട് വീണ്ടും ഈ പ്രശ്നം ഉന്നയിക്കുന്നത് ആർഡറിലല്ല.

ശ്രീ. ഇ. കെ. നായനാർ: ഇവിടെ ന്യായമായ ഒരു നടപടിക്രമമുണ്ട്. അത് ചെയറിലിരിക്കുന്നവർക്ക് അറിയില്ലെങ്കിൽ ചോദിച്ച് പഠിച്ചിട്ട് ചെയർമാനായി ഇരിക്കണം. അതില്ലാതെ അമെൻറ്മെൻറ് മൂവ് ചെയ്യുന്നതിന് അധികാരവും അവകാശവുമില്ലാതെ....അസംബ്ലി നടപടിക്രമം നമ്മൾ അംഗീകരിച്ച നടപടിക്രമമനുസരിച്ചുതന്നെ പോകണം. അതിനകത്ത് ഒരു ഭേദഗതി വരുത്തിയാൽ അതുപിന്നെ കീഴ്വഴക്കമാകും, തെറ്റാകും. ഇപ്പോൾ വന്നിട്ടുള്ളത് അതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം; റൂളിംഗ് ഉണ്ടെങ്കിലും. കാരണം അമെൻറ്മെൻറ് മൂവ് ചെയ്യാൻ വളരെയധികം എം.എൽ.എ. മാർ ഉണ്ട്, ഭരണപക്ഷത്തുമുണ്ട്, പ്രതിപക്ഷത്തുമുണ്ട്. ആ അമൻറ്മെൻറിനെ സംബന്ധിച്ച് ഒരക്ഷരം പോലും ചെയറിൽനിന്ന് ചോദിക്കാതെയാണ് ക്ലോസ് ചെയ്തിട്ടുള്ളത്. അത് തെറ്റായ നടപടിയാണ്. അത് തിരുത്തേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, എന്റെ ഓർമ്മയിൽനിന്ന് ഞാൻ പറയുകയാണ്, കഴിഞ്ഞൊരു ദിവസം ഇവിടെ അനൗദ്യോഗികാംഗങ്ങളുടെ പ്രമേയങ്ങൾ ചർച്ചക്കു വന്ന അവസരത്തിൽ ഇതുപോലെ ഒരു തർക്കമുണ്ടായി. ഇതിന് മുമ്പുണ്ടായിരുന്ന നടപടിക്രമം വച്ചുകൊണ്ട് പാർട്ടികൾക്ക് സംസാരിക്കാനുള്ള സമയം വിഭജിച്ചുകൊടുക്കുകയും ഭേദഗതി മൂവ് ചെയ്യുകയും ചെയ്യുമായിരുന്നു. അതിനുശേഷം അങ്ങയുടെ ശ്രദ്ധയിൽ ഇത് കൊണ്ടുവന്നപ്പോൾ അങ്ങ് തന്നെ റൂൾ ചെയ്തത് ഭേദഗതികൾ അവതരിപ്പിക്കാൻ അവസരം വേണം എന്ന്. ഇപ്പോൾ ഇവിടെ പ്രശ്നം ഉണ്ടായതും അത്രയേയുള്ളൂ. അങ്ങയുടെ റൂളിംഗ്, ചട്ടപ്രകാരം ആവശ്യപ്പെടുന്ന ഒരു കാര്യം ഇവിടെ നടന്നില്ല. അത് തെറ്റാണ്. തെറ്റായ കീഴ്വഴക്കം ഉണ്ടാകരുതെന്ന് ചെയറിനെ ഓർമ്മിപ്പിച്ചതേയുള്ളൂ. ഇവിടെ നടന്നത് അത്രയേയുള്ളൂ. അങ്ങയുടെ റൂളിംഗ് ചട്ടപ്രകാരമുള്ളതും ഇവിടെ നടന്നില്ല.

ശ്രീ. എ. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട ബേബിജോൺ സൂചിപ്പിച്ച കാര്യംതന്നെ ഞാനും അങ്ങയെ ഓർമ്മപ്പെടുത്തുന്നു. കഴിഞ്ഞൊരു ദിവസം അനൗദ്യോഗികാംഗങ്ങളുടെ ദിനത്തിൽ ഇതുപോലെ ഒരു പ്രശ്നം ഉണ്ടായ അവസരത്തിൽ—പ്രമേയത്തിന്റെ ഭേദഗതി വിളിക്കാതെ പ്രമേയം പാസ്സായതായി പ്രഖ്യാപിച്ചപ്പോൾ—പ്രതിപക്ഷത്തുനിന്ന് ചോയ്സ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ ആ പ്രമേയം പാസ്സായതായി പ്രഖ്യാപിച്ചതുകൊണ്ട് ഭാവിയിൽ ഭേദഗതികൾ വോട്ടിനിടുന്നതാണെന്ന് അങ്ങ് റൂളിംഗ് നൽകി, ശരിയാണ് ഇവിടെ ചെയറിലുണ്ടായിരുന്ന ചെയർമാൻ ഭേദഗതി മൂവ് ചെയ്യുന്നുവോ എന്ന് ആദ്യം ചോദിച്ചിരുന്നില്ല. ഭേദഗതി മൂവ് ചെയ്തിരുന്നില്ല. അതുകൊണ്ട് രണ്ടാമത് ഭേദഗതി പ്രസ് ചെയ്യുന്നുവോ എന്നും ചോദിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ ഫൈനലായി റൂളിംഗ് നൽകി.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തേ ഒരു ദുസൂചനയോടൊപ്പം കൂടി പറഞ്ഞു പാനൽ ഓഫ് ചെയർമാൻമാർക്ക് അറിഞ്ഞുകൂടെങ്കിൽ ട്രെയിനിംഗ് കൊടുക്കണമെന്ന്. പാനൽ ഓഫ് ചെയർമാൻ ആ ചെയറിൽ ഇരുന്നാൽ സ്പീക്കർക്കുള്ള എല്ലാ അധികാരങ്ങളും ആ പാനൽ ഓഫ് ചെയർമാനുണ്ട്, അദ്ദേഹം സ്പീക്കറാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് റൂൾസ് ഓഫ് പ്രൊസീഡ്യൂർ വായിച്ചിട്ടുണ്ടെങ്കിൽ ഈ കാര്യം അറിയാം, പൂർണമായ സ്വാതന്ത്ര്യം പാനൽ ഓഫ് ചെയർമാനുണ്ട്; പാനൽ ഓഫ് ചെയർമാൻ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ അടുത്ത ബിസിനസ്സിലേക്ക് ട്രാൻസാക്ട് ചെയ്തത് പ്രമേയാവതാരകൻ പ്രമേയം അവതരിപ്പിക്കാൻ തുടങ്ങുമ്പോൾ റൂളിംഗ് ഫൈനലായി നൽകി എന്നുള്ളതാണ് ഈ അവസരത്തിൽ ശ്രീ. എം. വി. രാഘവൻ ഉന്നയിച്ച പ്രശ്നത്തിൽ എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: റൂളിംഗിനെ ചോദ്യം ചെയ്യുന്ന പ്രശ്നമല്ല. ഞാൻ വളരെ ക്ലിയറായി പറഞ്ഞതാണ്, ഇവിടെ പ്രമേയത്തിന്റെ ചർച്ച കഴിഞ്ഞ് മന്ത്രി സ്വീകരിച്ചു എന്ന് പറഞ്ഞു. മന്ത്രി സ്വീകരിച്ചാൽ അത് സഭയുടെ തീരുമാനമാകില്ല. സഭ ഈ പ്രമേയം അംഗീകരിക്കുന്നോ എന്ന് ചോദിച്ചിട്ട് പ്രമേയം പാസ്സാക്കുകയല്ല ഉണ്ടായത്, മന്ത്രി സ്വീകരിക്കുന്നുവെന്ന് പറഞ്ഞപ്പോൾ ഭേദഗതിയുടെ പ്രശ്നം ഞങ്ങൾ റെയിസ് ചെയ്തതാണ്. സാധാരണ നിലയിൽ ഓർഡറിലുള്ള ഭേദഗതികൾ മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിക്കും. അതുകഴിഞ്ഞിട്ട് പാർട്ടി നിശ്ചയിച്ച് സമയമനുസരിച്ച് ഓരോ പാർട്ടിയിലേയും മെമ്പർമാർ പ്രസംഗിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ചെയറിന്റെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. മന്ത്രി അംഗീകരിക്കുന്നു എന്നു പറഞ്ഞാൽ സഭയുടെ തീരുമാനമാകില്ല. സഭയുടെ തീരുമാനമാകണമെങ്കിൽ സഭ അംഗീകരിക്കണം. മന്ത്രി സ്വീകരിച്ച നിലക്കു സഭ ഇതു അംഗീകരിക്കുന്നുണ്ടോ എന്നു ചോദിക്കണം. സഭയുടെ തീരുമാനമായിട്ടില്ല, ആ തീരുമാനം ആകുന്നതിനുമുമ്പു ഭേഗേതി മൂവ് ചെയ്യാനുള്ള അവസരം വന്നു എന്നു പറഞ്ഞുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: ഈ നിയമസഭയുടെ പാനൽ ഓഫ് ചെയർമാൻ ആയാലും സ്പീക്കറായാലും റൂളിംഗ് നൽകുമ്പോൾ റൂളിനു വിരുദ്ധമായിട്ടുള്ള റൂളിംഗാണ് നൽകുന്നതെങ്കിൽ സാധാരണ നിയമസഭയുടെ അവകാശം വാങ്ങിച്ചു വേവ് ചെയ്യുകയാണ് ചെയ്യുന്നത്. ഇവിടെ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. റൂളിനു വിരുദ്ധമായിട്ട് ചെയ്തിട്ട് ഞാൻ ഇന്നത് ചെയ്തുപോയി എന്നു പറഞ്ഞാൽ അത് റൂളിംഗ് ആകില്ല. നിയമസഭയുടെ അനുവാദം വാങ്ങിക്കണം.

മി സ്പീക്കർ: ഈ പ്രശ്നം വിവാദത്തിലേക്ക് നീങ്ങേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട എം. വി. രാഘവനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനും ബഹുമാനപ്പെട്ട ബേബി ജോണും അതിനെത്തുടർന്ന് ശ്രീ. എം. എം. ഹസ്സനും ഈ പ്രശ്നത്തിൽ അവരുടേതായ അഭിപ്രായങ്ങൾ പറഞ്ഞു. ഇവിടെ ശ്രീ. ബേബി ജോൺ ചൂണ്ടിക്കാണിച്ചപോലെ നേരത്തേ ഒരു നടപടിക്രമം സ്വീകരിച്ചിരുന്നു, ഒരു കീഴ്വഴക്കം അംഗീകരിച്ചിരുന്നു. ബിസിനസ് അഡൈസറി കമ്മിറ്റി തീരുമാനിച്ചാണ് പാർട്ടികൾക്ക് ടൈം അലോട്ട് ചെയ്യുന്നത്, പക്ഷേ ഭേഗേതി നേരത്തേ മൂവ് ചെയ്യാറുണ്ടായിരുന്നില്ല. അതിനെത്തുടർന്ന് സ്വതന്ത്ര അംഗങ്ങളുടെ ദിവസം ഈ പ്രശ്നം ബഹുമാനപ്പെട്ട ശ്രീ. ഷൺമുഖദാസും മറ്റ് മെമ്പർമാരും ഉന്നയിച്ചപ്പോൾ പ്രമേയം എടുത്തു കഴിഞ്ഞ് പ്രമേയാവതാരകന്റെ പ്രസംഗം കഴിഞ്ഞാൽ പിന്നീട് ഭേഗേതി മൂവ് ചെയ്യാനുള്ള അവസരം കൊടുക്കുക, ഭേഗേതി മൂവ് ചെയ്തു കഴിഞ്ഞ് അവർ സംസാരിക്കുകയില്ല. പാർട്ടി അടിസ്ഥാനത്തിൽ സംസരിക്കുക, അത് കഴിഞ്ഞാൽ സഭയുടെ പൊസ്സഷനിൽ ഉള്ള ഭേഗേതി ഡിസ്പോസ് ചെയ്തിരിക്കുന്നു, അനന്തര നടപടികളിലേക്ക് നീങ്ങുന്നു എന്നുള്ളതാണ് ഇതിന്റെ ക്രമം. ഇതിനകത്ത് വന്നത് ഭേഗേതി മൂവ് ചെയ്യാൻ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കഴിഞ്ഞില്ല. തന്നെയുമല്ല ഭേഗേതി മൂവ് ചെയ്യണം എന്നൊരു പ്രശ്നം ആ അവസരത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്ന് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതുമില്ല. ഏതായാലും മനഃപൂർവ്വമായൊരു വീഴ്ചയാണ് എന്ന് ഞാൻ കരുതുന്നില്ല. അംഗങ്ങൾക്ക് ഇങ്ങനെ അവസരം കിട്ടാതെ പോയതിൽ യഥാർത്ഥത്തിൽ ചെയറിന് ഖേദം ഉണ്ട്. സഭയുടെ പൊസ്സഷനിൽ ഭേഗേതികപ്പില്ല. അതുകൊണ്ട് പിന്നീട് അത് ഡിസ്പോസ് ചെയ്യേണ്ട പ്രശ്നം വരുന്നില്ല. ആ പ്രശ്നം അവിടെ തീരുകയാണ്. സഭയുടെ മുമ്പിലില്ലാതെ എങ്ങനെ ഭേഗേതി വോട്ടിനിടാൻ സാധിക്കും? സാധിക്കുകയില്ല. അതുകൊണ്ട് ആ പ്രശ്നം ഡിസ്പോസ് ചെയ്ത് കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: കീഴ്വഴക്കമാണോ?

മി. സ്പീക്കർ: കീഴ്വഴക്കമല്ല. ഇനിയുള്ള പ്രമേയത്തെ സംബന്ധിച്ചിടത്തോളം ചെയർ നേരത്തേ പറഞ്ഞ നടപടിക്രമം അനുസരിച്ചുതന്നെയായിരിക്കും പ്രമേയാവതാരകൻ സംസാരിച്ചുകഴിയും, ഭേഗേതി മൂവ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യും, പാർട്ടി അടിസ്ഥാനത്തിൽ സംസാരിക്കും; ഭേഗതി ഡിസ്പോസ് ചെയ്യും; പിന്നെ പ്രമേയം വോട്ടിനിടും. അതാണ് നടപടി ക്രമം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചെയറിൽ സ്പീക്കറായാലും ഡെപ്യൂട്ടി സ്പീക്കറായാലും പാനൽ ഓഫ് ചെയർമാൻ ആയാലും ഇരിക്കുമ്പോൾ സ്പീക്കറുടെ അതേ അവകാശമാണുള്ളതെന്ന് പ്രത്യേകമായി പറയേണ്ട ആവശ്യമില്ല. അതുകൊണ്ട് ആ റൂളിംഗിനെ സംബന്ധിച്ച് പറയുമ്പോൾ ആ റൂളിംഗിന് എല്ലാവിധത്തിലുമുള്ള ആദരണീയതയും അംഗീകാരവും ഉണ്ടായിരിക്കുന്നതാണ്. ഇതിനകത്ത് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകേണ്ട പ്രശ്നമില്ല. അതുകൊണ്ട് നമുക്ക് അടുത്ത നടപടിയിലേക്ക് കടക്കാവുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. "റിബേറിനത്തിൽ കൈത്തറി വ്യവസായ സഹകരണസംഘങ്ങൾക്ക് നൽകേണ്ട മുഴുവൻ കുടിശ്ശികയും അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോടാവശ്യപ്പെടുന്നു.''

സർ, പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ കൈത്തറിമേഖല, കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങൾ, കൈത്തറിമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഇവയെക്കുറിച്ച് വിശദീകരിക്കാതിരിക്കാൻ കഴിയുകയില്ല. നമ്മുടെ സംസ്ഥാനത്ത് ഏകദേശം മൂന്നുലക്ഷത്തോളം കൈത്തറിത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അതിൽ 40 ശതമാനത്തോളം കൈത്തറിത്തൊഴിലാളികളെ കൈത്തറി മേഖലയിൽ കൊണ്ടുവന്നിട്ടുമുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളായാലും ഇൻസസ്ട്രിയൽ സഹകരണസംഘങ്ങളായാലും 40 ശതമാനത്തോളം ആളുകൾ ഈ രണ്ട് സഹകരണ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. കഴിഞ്ഞ മൂന്നുമൂന്നര വർഷമായി ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ നയംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്ക് ഒരു വർഷത്തിൽ 200 ദിവസം പോലും ജോലി കിട്ടുന്നില്ല. അഥവാ ജോലി കിട്ടുന്നു. എങ്കിൽ തന്നെ ന്യായമായ കൂലി ലഭിക്കുന്നില്ല. കൈത്തറിമേഖല നേരിടുന്ന പ്രതിസന്ധിക്ക് ഒരു പരിഹാരം കാണണം. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൂട്ടനാട് സന്ദർശിച്ചപ്പോൾ അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു എന്ന് ഇവിടെ നേരത്തേ ചില മെമ്പർമാർ അവകാശപ്പെട്ടു. അതുപോലെ കശുവണ്ടിത്തൊഴിലാളികളേയും അദ്ദേഹം സന്ദർശിച്ച് ഏതുദേശം അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കൈത്തറിമേഖലയായ കണ്ണൂരോ അതല്ലെങ്കിൽ ബാലരാമപുരത്തോ കൊണ്ടുവന്നിരുന്നെങ്കിൽ അവിടുത്തെ പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കപ്പെട്ടു കഴിയുമായിരുന്നു. എന്തുകൊണ്ടോ അതിന് നമ്മുടെ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. നമ്മുടെ സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ടമന്ത്രി പറയും, ഞങ്ങൾ നൂൽ ബാങ്ക് തുടങ്ങിയിട്ടുണ്ട് എന്ന്. നൂൽ ബാങ്ക് തുടങ്ങിയതിന് ശേഷം നൂൽ ക്ഷാമം ഇല്ല. സർ, നല്ലയിനം നൂൽ ഇന്ന് ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി, നൂൽ ബാങ്ക് വന്നിട്ടുണ്ട് എങ്കിലും നൂൽ വാങ്ങുന്നതിന് പ്രാഥമിക സഹകരണസംഘങ്ങൾക്ക് സാമ്പത്തിക ശേഷിയില്ല. അതുകൊണ്ടാണ് നൂൽവാങ്ങി കൈത്തറിത്തൊഴിലാളികൾക്ക് വിതരണം ചെയ്യാത്തതും, നൂലും കൂലിയും കൊടുക്കാത്തതും എന്ന് പറഞ്ഞു. പ്രാഥമിക സഹകരണസംഘങ്ങൾക്ക് സാമ്പത്തിക ശേഷി എന്തുകൊണ്ട് നഷ്ടപ്പെട്ടു, അത് പരിശോധിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ആ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചിട്ടുണ്ടോ? സർ, കൈത്തറി വ്യവസായം നൂലിനെ മാത്രം ആശ്രയിച്ച് മുന്നോട്ട് പോകുന്നതല്ല. നൂലിനോടൊപ്പം ചായം പിടിപ്പിക്കുന്നതിനും മറ്റുമുള്ള കെമീക്കൽസും വേണം. ഇതൊന്നും ഇന്ന് നമ്മുടെ കൈത്തറി സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അമിതമായ വിലകൊടുത്തുവേണം ചായവും മറ്റ് കെമിക്കൽസും വാങ്ങിക്കുവാൻ. അതുകൊണ്ട് അവർ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നം അമിതമായ വിലയ്ക്ക് മാർക്കറ്റിൽ പോകേണ്ടിവരുന്നു. അടുത്തകാലത്ത് മറ്റ് സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും അവിടെ യന്ത്രത്തറികളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും നമ്മുടെ സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന കൈത്തറിത്തുണി എന്ന വ്യാജേന ഇവിടെ വിതരണം ചെയ്യുന്നു. അങ്ങനെ യന്ത്രത്തറികളിൽ ഉല്പാദിക്കപ്പെടുന്ന ഉല്പന്നങ്ങളും കൈത്തറിത്തുണി എന്ന വ്യാജേന കൊണ്ടുവരുമ്പോൾ ആ ഉല്പന്നങ്ങളോട് മാർക്കറ്റിൽ മത്സരിച്ച് രക്ഷപെടാൻ നമ്മുടെ സംസ്ഥാനത്തെ കൈത്തറി ഉല്പന്നങ്ങൾക്ക് കഴിയുന്നില്ല. ഇപ്പോൾ വ്യവസായ വകുപ്പ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപെക്സ് സഹകരണസംഘം കൂടുതൽ തുണി പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്നും പ്രൊക്യൂവർ ചെയ്യാൻ പാടില്ലെന്നാണ് ആ ഉത്തരവ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കാരണം പ്രാഥമിക സഹകരണസംഘങ്ങളിൽ കൈത്തറി തുണിപെട്ടിക്കിടക്കുന്നു. അതിനെ പ്രൊക്യൂവർ ചെയ്യാനുള്ള കഴിവ് ഒരു അപെക്സ് സഹകരണസംഘത്തിനും ഇല്ല. അടിയന്തിരമായി വ്യവസായ വകുപ്പ് ഇറക്കിയിട്ടുള്ള, അപെക്സ് സഹകരണസംഘത്തിനു കൊടുത്തിട്ടുള്ള പ്രൊഹിബിറ്ററി ഓർഡർ പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, ഹാന്റിക്സിൽ മാത്രം അഞ്ചുകോടി രൂപയ്ക്കുള്ള തുണി കെട്ടിക്കിടക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സാധാരണഗതിയിൽ പറയാറുണ്ട്, ഈ ഗവൺമെന്റ് വരുന്നതിനു മുൻപ് 60 ദിവസം റിബേറ്റ് സെയിൽസ് ഉണ്ടായിരുന്നു ഇപ്പോഴത് 102 ദിവസമാക്കി മാറ്റിയിരിക്കുന്നു എന്ന്. 102 ദിവസമായി റിബേറ്റ് സെയിൽസ് മാറിയതുകൊണ്ട് റിബേറ്റ് ഗ്രാന്റ് കൊടുക്കാതെയിരുന്നാൽ സഹകരണ സംഘങ്ങളും തകരുകയില്ലേ? അതിനു മുമ്പ് ഒരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ഹാൻടെക്സിനുമാത്രം ഒരു കോടി എഴുപതുലക്ഷം രൂപ ക്രെഡിറ്റ്സെയിൽസ് ഇനത്തിൽ ഗവൺമെന്റ് കൊടുക്കാനുണ്ട്. 1983-ലും 1984-ലുമായി ഒരു കോടി എഴുപതു ലക്ഷം രൂപ ഹാൻടെക്സിന് കിട്ടേണ്ടതായി, സർക്കാർ ജീവനക്കാർക്കും അർദ്ധ സർക്കാർ ജീവനക്കാർക്കും കടം കൊടുത്തതും ഉണ്ട്. ആ രൂപ മുഴുവൻ ഗവൺമെന്റ് ജീവനക്കാരിൽനിന്നും അർദ്ധ സർക്കാർ ജീവനക്കാരിൽനിന്നും ഡിപ്പാർട്ടുമെന്റലായി വസൂലാക്കി. അത് ഇപ്പോൾ ഗവൺമെന്റിന്റെ ഖജനാവിൽ ഉണ്ട്. പക്ഷേ ഗവൺമെന്റിന് അത് കൊടുക്കുവാൻ കഴിയുന്നില്ല. അക്കൗണ്ടന്റ് ജനറൽ എന്തോ തടസ്സം ഉണ്ടാക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പലപ്പോഴും വിശദീകരിച്ചത്. ആ വിശദീകരണം കൊണ്ട് കാര്യമുണ്ടോ? ഒരു കോടി 70 ലക്ഷം രൂപ, ഹാൻടെക്സിനു കിട്ടേണ്ട രൂപ കഴിഞ്ഞ രണ്ടു വർഷക്കാലമായി സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ ഉണ്ട്. ഹാന്റക്സ് കഴിഞ്ഞ രണ്ടു വർഷക്കാലമായി സാമ്പത്തിക സ്ഥാപനങ്ങൾക്ക് ഇതിന്റെ പലിശ കൊടുത്തുകൊണ്ടിരിക്കുന്നു. അക്കൗണ്ടന്റ് ജനറൽ തടസവാദം ഉന്നയിച്ചുകൊണ്ട് ആണെങ്കിൽ ഗവൺമെന്റ് ആ തടസ്സങ്ങൾ മാറി ഒരു കോടി 70 ലക്ഷം രൂപ ഹാൻറക്സിനു കൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതിന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി പറയുന്ന ഒരു വിശദീകരണം ആ നടപടിക്രമത്തിൽ മാറ്റം വരുത്തിയിരിക്കുന്നു എന്നാണ്. 1980-നു ശേഷം നടപടിക്രമത്തിൽ മാറ്റം വരുത്തിയിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ട് ഒരു കോടി എഴുപതു ലക്ഷം രൂപ ഹാൻറക്സിന് കിട്ടേണ്ടതു കിട്ടണ്ടേ? അതിന് റൂംസാന് തടസ്സമെങ്കിൽ എന്തുകൊണ്ട് ഗവൺമെൻറ് ആവശ്യമായ മാറ്റം റൂംസിൽ വരുത്തുന്നില്ല? റൂംസിൽ ഭേദഗതി വരുത്തിക്കൊണ്ട് ക്രെഡിറ്റ് സെയിൽസ് ഇനത്തിൽ ഖജനാവിൽ സൂക്ഷിച്ചിരിക്കുന്ന ഹാൻറക്സിന് കിട്ടേണ്ട തുകയായ ഒരു കോടി എഴുപതുലക്ഷം രൂപ അടിയന്തിരമായി അവർക്ക് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഈ കാരണം കൊണ്ടാണ് ഹാൻറക്സ് പലിശ കൊടുത്ത് മുടിഞ്ഞുകൊണ്ടിരിക്കുന്നത്.

അതുപോലെതന്നെ റിബേറ്റ് സെയിൽസ് ഇനത്തിൽ 1983-ലെ റിബേറ്റ് ഗ്രാൻറ്പോലും കൊടുത്തുതീർക്കാൻ കഴിയാത്ത ഒരു ഗവൺമെൻറാണ് ഈ രാജ്യം ഭരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയും കഴിഞ്ഞ സാമ്പത്തികവർഷം രണ്ടു കോടി രൂപയാണ് ഇതിലേക്കുവേണ്ടി ഗവൺമെൻറ് മാറ്റി വച്ചിരിക്കുന്നത്, ഈ വർഷം അത് നാലു കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് സ്വാഭാവികമായും പറയും, അങ്ങനെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പ്രശ്നത്തിൻറെ ഒരു ഭാഗമെങ്കിലും പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? 5.8 കോടി രൂപ നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ കൊടുക്കാനുണ്ട്. ഏകദേശം രണ്ടുകോടി രൂപയോളം അപെക്സ് സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുണ്ട്. റിബേറ്റ് ഗ്രാൻറ് ഇനത്തിൽ ഏകദേശം എട്ടു കോടിയോളം രൂപ അപെക്സ് സഹകരണ സംഘങ്ങൾക്കും ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും കൊടുക്കാനുണ്ട്. എന്നാൽ ഈ വർഷം അതിനുവേണ്ടി നീക്കിവച്ചിട്ടുള്ളത് വെറും നാലു കോടി രൂപ മാത്രമാണ്. എട്ടുകോടി രൂപ കൊടുക്കാനുള്ളപ്പോൾ നാലു കോടി രൂപ കൊണ്ട് അത് കൊടുത്തു തീർക്കുവാൻ കഴിയുമോ? 1983 അവസാനം വരെയുള്ള റിബേറ്റ് ഗ്രാൻറ് പോലും ഗവൺമെൻറ് കൊടുത്തു തീർത്തിട്ടില്ല. 1983 സെപ്റ്റംബർ മാസത്തെ ഗ്രാൻറ് പോലും കൊടുക്കാൻ കഴിയുന്നില്ല. അതേപ്പറ്റി ചോദിച്ചാൽ സ്വാഭാവികമായും ഈ ഗവൺമെൻറ് പറയുക 'പണമില്ല' എന്ന്. കൈത്തറി സംഘങ്ങൾക്ക് അർഹമായ റിബേറ്റ് ഗ്രാൻറ് കൊടുക്കാൻപോലും പണമില്ലെന്നു പറയുന്നു. ഞാൻ ചോദിക്കട്ടെ, ഈ രാജ്യത്ത് ആവശ്യത്തിൽ കവിഞ്ഞ് സ്കൂളുകളും അനുവദിക്കാനും അവർക്ക് ഗ്രാൻറ് കൊടുക്കാനും അദ്ധ്യാപകർക്കു ശമ്പളം കൊടുക്കാനും ഗവൺമെൻറിന് പണമുണ്ട്. ഇഷ്ടംപോലെ കോർപ്പറേഷൻ ഉണ്ടാക്കാനും ആ കോർപ്പറേഷനിൽ ചെയർമാനെ നിയമിക്കാനും അവർക്ക് കാറ് കൊടുക്കാനും മറെറല്ലാ സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കാനും ഈ ഗവൺമെൻറിന് പണമുണ്ട്, ഏറെറവും അവസാനമായി 15 പോളിടെക്നിക്കുകളും അനുവദിക്കാനും അവരുടെ മൂലധനത്തിൻറെ 20 ശതമാനം കൊടുക്കാനും ആവർത്തന ചെലവിൻറെ 75 ശതമാനം കൊടുക്കാനും ഗവൺമെൻറിന് പണമുണ്ട്. പക്ഷേ കൈത്തറിക്കാർക്ക് പണം കൊടുക്കുന്ന കാര്യം വരുമ്പോൾ റിബേറ്റ് ഗ്രാൻറ് പോലും കൊടുക്കാൻ കഴിയാത്ത ഒരു ഗവൺമെൻറാണ് ഈ രാജ്യം ഭരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി മുൻപ് ഒരു ചോദ്യത്തിനുത്തരമായിപറഞ്ഞത് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക ശേഷി ഇല്ല എന്നാണ്. എന്തുകൊണ്ട് ഇല്ല? 1983 മുതൽ 1985 വരെയുള്ള, കഴിഞ്ഞ ഓണം ബക്രീദ് കാലംവരെയുള്ള തുണി വിറ്റ് കിട്ടേണ്ട റിബേറ്റ് ഗ്രാൻറ് കിട്ടാത്തതുകാരണം ആ തുകയ്ക്ക് മുഴുവനും സാമ്പത്തിക സ്ഥാപനങ്ങൾക്ക്, ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കിനും മറ്റു ബാങ്കുകൾക്കും, കഴിഞ്ഞ മൂന്നു വർഷക്കാലമായി പ്രാഥമിക ഇൻഡസ്ട്രിയൽ

LIBRARY ARCHIVES Kerala Legislative Assembly

അപെക്സ് സഹകരണ സംഘങ്ങൾ പലിശ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൂൽ വാങ്ങാനും, നൂൽ കൊടുക്കാനും കഴിയാതെ വന്നത്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് ഈ സഭ ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കിതരണമെന്നാണ്. പോളിടെക്നിക്കുകൾക്കും സ്കൂളുകൾക്കും എല്ലാം ഫണ്ട് അനുവദിക്കുന്ന സർക്കാർ കൈത്തറിത്തൊഴിലാളികളുടെ തൊഴിൽ നിലനിറുത്തുന്നതിനും അവർക്ക് പട്ടിണിക്കൂലിയെങ്കിലും ലഭിക്കുന്നതിനും പ്രാഥമിക ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങളും അപെക്സ് സഹകരണസംഘങ്ങളും നിലനിൽക്കുന്നതിനുവേണ്ടി റിബേറ്റ് ഗ്രാന്റ് മുഴുവനും ഈ വർഷംതന്നെ അനുവദിച്ചു തരണം എന്നാണ് എനിക്ക് പറയാനുള്ളത്. അപ്പുറത്തിരിക്കുന്ന എന്റെ ബഹുമാന്യ സുഹൃത്ത് സുന്ദരൻ നാടാരുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കൊല്ലയിൽ, ചെങ്കൽ പഞ്ചായത്തുകൾ കൈത്തറി മേഖലയാണ്. അദ്ദേഹവും ഈ പ്രമേയത്തെ അനുകൂലിക്കണം. അതുപോലെതന്നെ എന്റെ സ്നേഹിതൻ ശ്രീമാൻ ശക്തൻ നാടാരുടെ നിയോജകമണ്ഡലത്തിലെ കോട്ടുകാൽ, കല്ലിയൂർ പഞ്ചായത്തുകൾ കൈത്തറി മേഖലയാണ്. അദ്ദേഹവും ഈ പ്രമേയത്തെ അനുകൂലിക്കണം. തിരുവനന്തപുരം നോർത്തിലെ കുളത്തൂർ മേഖലയും കൈത്തറി മേഖലയാണ്. അതുകൊണ്ട് ശ്രീമാൻ കാർത്തികേയനും ഈ പ്രമേയത്തെ അനുകൂലിക്കണം. അതുപോലെ തന്നെ ശ്രീമാൻ ദാസിക്കനും ഈ പ്രമേയത്തെ അനുകൂലിക്കണം. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി ഉണ്ടാക്കിക്കൊടുക്കാൻ, കൈത്തറി സഹകരണ സംഘങ്ങളെ നിലനിറുത്താൻ വേണ്ടി റിബേറ്റ് മുഴുവനും അടിയന്തിരമായി അനുവദിക്കണം എന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഒ. ഭരതൻ: സർ, കൈത്തറി വ്യവസായത്തിൽ റിബേറ്റ് കൊടുക്കുന്നതിൽ വരുന്ന അനാസ്ഥയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പല തവണകളിലായിട്ട് ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് അതിനെപ്പറ്റി വളരെ വിശദമായിട്ട് സംസാരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. റിബേറ്റിനെ സംബന്ധിച്ച് ഒരു പ്രത്യേക പ്രശ്നം ഈ സഭയുടെ മുൻപാകെ, പ്രത്യേകിച്ച് വ്യവസായ വകുപ്പു മന്ത്രിയുടെ മുമ്പാകെ കൊണ്ടുവരണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഓരോ സഹകരണ സ്ഥാപനവും ഓരോ പൊതു മേഖലാ സ്ഥാപനവും കഴിഞ്ഞ വർഷമായാലും തരക്കേടില്ല, അതിന്റെ മുമ്പിലെ വർഷമായാലും തരക്കേടില്ല കൊടുക്കേണ്ട ബോണസ്സിനെ സംബന്ധിച്ചിടത്തോളം ചില നിർദ്ദേശക തത്വങ്ങൾ പരസ്യമായിട്ട് പ്രഖ്യാപിക്കപ്പെടുകയുണ്ടായി. അങ്ങിനെ ഗവൺമെന്റ് നൽകിയിട്ടുള്ള ബോണസ് നിർദ്ദേശങ്ങൾ അധികമായിട്ട് ഏതെങ്കിലും കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുത്തിട്ടുണ്ടെങ്കിൽ അത്തരം സഹകരണ സംഘങ്ങൾക്ക് ഈ റിബേറ്റ് അനുവദിക്കുന്ന കാര്യത്തിൽ വളരെ തൊറായിട്ടുള്ള ഒരു സമീപനമാണ് നമ്മുടെ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ നിശ്ചിതപരിധിയേക്കാളും അധികം ബോണസ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഈ അധികം വാങ്ങിയിട്ടുള്ള ബോണസ് സംഖ്യ അതു വാങ്ങിയിട്ടുള്ള തൊഴിലാളികളിൽ നിന്ന് പിടിച്ചെടുത്താൽ മാത്രമേ സംഘങ്ങൾക്ക് റിബേറ്റ് അനുവദിക്കാൻ നിർവാഹമുള്ളൂ എന്നു പറയുന്ന ഒരു സമീപനം നമ്മുടെ സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. തൊഴിലാളികളും അവരുടെ മാനേജുമെന്റും തമ്മിൽ നെഗോഷ്യേറ്റ് ചെയ്ത ബോണസ്സിനെ സംബന്ധിച്ച് ഒരു എഗ്രിമെന്റിൽ എത്തിക്കഴിഞ്ഞാൽ ആ എഗ്രിമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് കൊടുത്തിട്ടുള്ള ബോണസ് തിരിച്ചുപിടിക്കാൻ ഏതെങ്കിലും നിയമം നമുക്ക് അധികാരം നൽകുന്നുണ്ടോ? ഏതെങ്കിലും ഒരു തൊഴിലാളി അധികമായിട്ട് ബോണസ് വാങ്ങിയാൽ അത് തിരിച്ചു കൊടുത്ത ചരിത്രം ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ടോ? അന്ന് ബോണസ് സെറ്റിൽമെന്റ് ഉണ്ടാക്കിയത് ചില പ്രത്യേക സാഹചര്യത്തിലാണ്. അന്ന് ആ രീതിയിൽ നെഗോഷ്യേറ്റ് ചെയ്ത് കുറച്ച് ഉയർന്ന ശതമാനം ബോണസ് സെറ്റിൽ ചെയ്യുന്നില്ലെങ്കിൽ ആ വ്യവസായ സ്ഥാപനം അന്നുതന്നെ കുഴപ്പത്തെ അഭിമുഖീകരിക്കും, അന്നുതന്നെ ആ വ്യവസായ സ്ഥാപനം പൂട്ടിയിടേണ്ടി വരും. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒന്നോ രണ്ടോ മൂന്നോ ശതമാനം ബോണസ് ചിലപ്പോൾ അധികം കൊടുത്തിട്ടുണ്ടാവുക. ആ അധികം കൊടുത്ത ബോണസ് ഇപ്പോൾ തിരികെ കൊടുക്കണം. അങ്ങിനെ തിരികെ കൊടുത്തില്ലെങ്കിൽ ലക്ഷക്കണക്കിന് രൂപ റിബേറ്റ് ഇനത്തിൽ കൊടുത്തു തീർക്കില്ല എന്നു പറയുന്ന വളരെ തെറ്റായിട്ടുള്ള ഒരു സമീപനമാണ് ഈ ഉത്തരവാദപ്പെട്ട ആളുകൾ സ്വീകരിച്ചത്. ഇത് എത്രയോ തവണ ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇന്നുതന്നെ ഞാൻ ഒരു നിവേദനം മന്ത്രിക്ക് നേരിട്ട് കൊടുത്തിട്ടുണ്ട്. ഒരു പ്രത്യേക സാഹചര്യത്തിൽ കൊടുത്തുപോയതാണ്. അത് ഇടവ് ചെയ്ത് കൊടുക്കണം. അതിന്റെ പേരിൽ റിബേറ്റ് കൊടുക്കാതിരിക്കാൻ പാടില്ല. അങ്ങനെ റിബേറ്റ് കൊടുക്കാതിരുന്നാൽ നമ്മുടെ സഹകരണ സ്ഥാപനങ്ങളും പൂട്ടിയിടേണ്ടിവരും. എത്ര വിഷമം സഹിച്ചിട്ടാണ് ഈ സഹകരണ സംഘങ്ങളും ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ വ്യവസായ മന്ത്രി രാഷ്ട്രീയത്തിന്റെ എ. ബി. സി. ഡി. പഠിക്കുന്നതിനു മുൻപ് കണ്ണൂർ ജില്ലയിലെ സംഘടിതരായിട്ടുള്ള കൈത്തറിത്തൊഴിലാളികളും അവരുടെ സമ്പാദ്യങ്ങളും സ്വത്തുക്കളും പണയം വച്ചിട്ടാണ് ഈ സഹകരണ സ്ഥാപനങ്ങളും ഉണ്ടാക്കിയത്. സഹകരണ സ്ഥാപനങ്ങളും മാനത്തോടും മര്യാദയോടും കൂടി സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. ആ വ്യവസായ സ്ഥാപനങ്ങളും ലാഭകരമായി മാറിയതിന്റെ ഫലമായിട്ട് ഈ വ്യവസായ സ്ഥാപനങ്ങളെ പിടിച്ചു നിറുത്താൻ സാധിക്കുന്നു. ഇന്ന് കൈത്തറി വ്യവസായം സഹകാര്യമേഖലയിൽ ഇല്ല. പ്രധാനമായും സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. എനിക്ക് പറയാനുള്ളത് ഞാനും നമ്മുടെ വ്യവസായ മന്ത്രിയും വരുന്നത് ആ വ്യവസായത്തിന്റെ ഈറ്റില്ലത്തിൽ നിന്നാണ് എന്നാണ്. പഴയ കണ്ണൂർ ജില്ലയുടെ വ്യാവസായിക സമ്പദ്ഘടന എന്നു പറയുന്നത് ഈ വ്യവസായത്തെ മാത്രം ആശ്രയിച്ചുള്ളതാണ്. ആ വ്യവസായത്തിൽ ഇന്ന് സഹകരണ മേഖല മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. സഹകാര്യ മേഖല എന്നേ തുടച്ചു നീക്കപ്പെട്ടു കഴിഞ്ഞു. സഹകാര്യ മേഖലയുടെ കഴുത്തിന് കത്തി വയ്ക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഒരൊറ്റ സഹകാര്യ സ്ഥാപനത്തിന് 12 ലക്ഷത്തിൽ ചിലപ്പോൾ രൂപ റിബേറ്റ് ഇനത്തിൽ കൊടുത്തു തീർക്കാനുണ്ട്, ഉദാഹരണത്തിന് അഴീക്കോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സഹകരണ സംഘത്തിന് 12 ലക്ഷത്തിൽ ചിലപ്പോൾ രൂപ റിബേറ്റ് ഇനത്തിൽ കൊടുക്കാനുണ്ട്. ആ സംഖ്യ കൊടുത്തില്ലെങ്കിൽ ആ സ്ഥാപനത്തിന് ഏറ്റു സംഭരിക്കും സർ, ഒരു ദിവസത്തെ നൂലിന് ഉള്ള കാശില്ല. ഒരു ദിവസത്തെ ചായം വാങ്ങാനുള്ള കാശില്ല. ഒരു ദിവസത്തെ കെമിക്കൽസ് വാങ്ങാനുള്ള കാശില്ല. ആ വ്യവസായ സ്ഥാപനം ശ്വാസം മുട്ടി നിലംപതിക്കുന്ന ഒരു കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. വ്യവസായ സ്ഥാപനങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റിബേറ്റ് കൊടുത്തു തീർക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. എന്റെ കാലത്ത് ഈ സഹകരണ സ്ഥാപനങ്ങൾ ശ്വാസം മുട്ടി മരിക്കുന്നത് ഞാൻ കാണേണ്ടിവരുമല്ലോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

വിചാരിച്ചിട്ട് ദുഃഖനിമഗ്നനായിട്ട് ഇരിക്കുകയാണ് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി. അദ്ദേഹം ഉറങ്ങുകയൊന്നുമല്ല. ശ്രീ. അഹമ്മദിന്റെ ജില്ലയാണ് കണ്ണൂർ ജില്ല. എന്താണ്ട് എഴുപത്തയ്യായിരത്തോളം കൈത്തറിത്തൊഴിലാളികൾ പണിയെടുക്കുന്ന ജില്ലയാണ് കണ്ണൂർ ജില്ല. ആ കണ്ണൂർ ജില്ലയിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. എന്താണ്ട് പത്തു ലക്ഷത്തിൽ ചിലവാനം രൂപ ചിറയ്ക്കൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൊടുക്കാനുണ്ട്. കണ്ണൂർ ജില്ലയിലെ കൈത്തറി സഹകരണ സ്ഥാപനങ്ങൾ എന്നു പറഞ്ഞാൽ കൃത്യമായിട്ട് സത്യസന്ധമായിട്ട് ഭംഗിയായിട്ട് നടത്തിക്കൊണ്ടുപോകുന്ന വ്യവസായ സ്ഥാപനങ്ങളാണ്. അത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് ആഭ്യന്തര മാർക്കറ്റുണ്ട്. വിദേശ മാർക്കറ്റുണ്ട്. ഇത് നിലനിറുത്തുന്നതിനും വികസിപ്പിക്കുന്നതിനും മൂലധനം ഇല്ലാത്തതിന്റെ ഫലമായിട്ട് സാധിക്കുന്നില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കഴിഞ്ഞ കൊല്ലമോ അതിന്റെ മുമ്പത്തെ കൊല്ലമോ അധികം ബോണസ് കൊടുത്തുപോയിട്ടുണ്ടെങ്കിൽ അത് ഇളവ് ചെയ്ത് കൊടുക്കണം. എന്തെല്ലാം അനാവശ്യ ചെലവുകൾ ചെയ്യുന്നു. അതിലേക്ക് ഒന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. ഇത് ന്യായമായ ആവശ്യമാണ്. അതുകൊണ്ട് ഈ ന്യായമായ ആവശ്യം നിർവഹിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: പ്രമേയത്തിൽ "നൽകാൻ നടപടി സ്വീകരിക്കണമെന്ന്" എന്നതിനു പകരം "കൊടുത്തു തീർക്കണമെന്ന്" ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: പ്രമേയത്തിൽ "മുഴുവൻ കുടിശ്ശികയും." എന്നതിനുശേഷം "1985 സെപ്തംബർ 30-ന് മുമ്പായി" എന്ന് കൂട്ടി ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ററി. കണ്ണാരൻ: പ്രമേയത്തിൽ "അടിയന്തിരമായി" എന്നതിനു പകരം "ഒരു മാസത്തിനകം" എന്നു ചേർക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: പ്രമേയത്തിൽ "നൽകാൻ" എന്നതിനു പകരം "നൽകുവാനും, മേലിൽ കുടിശ്ശിക വരുത്താതെ അതാതവസരങ്ങളിൽ മുഴുവൻ സംഖ്യയും അപ്പപ്പോൾ കൊടുക്കുവാനും" എന്നു ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചക്രപാണി)

ശ്രീ. എ. സി. ജോസ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. എന്റെ നിയോജകമണ്ഡലമായ പറവൂരും മദ്ധ്യകേരളത്തിലെ ഏറ്റവും നല്ല കൈത്തറി മേഖലയാണ്. ഇവിടെ പ്രമേയം അവതരിപ്പിച്ച ശ്രീ. തങ്കപ്പനും പിന്താങ്ങിയ ശ്രീ. ഭരതനും പറഞ്ഞ ആ മേഖലകൾ കഴിഞ്ഞാൽ മദ്ധ്യകേരളത്തിൽ ഏറ്റവും ഭംഗിയുള്ള കൈത്തറി തുണികൾ ഉണ്ടാക്കുന്നത് പറവൂർ മേഖലയാണ്. ചേന്ദമംഗലം മേഖലയിൽപ്പെട്ട എന്താണ്ട് പതിനായിരത്തോളം വരുന്ന കൈത്തറിത്തൊഴിലാളികൾ ഇന്ന് പട്ടിണിയും പരിവട്ടവുമായിട്ട് കഴിയുകയാണ്. പ്രത്യേകിച്ച് കണ്ണൂരിനേക്കാളും ബാലരാമപുരത്തേക്കാളും വ്യത്യസ്തമായ ഒരു സ്വഭാവം ചേന്ദമംഗലത്തുണ്ട്. വളരെ താഴ്ന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലാണ് ഇവിടെ തറി വച്ചിട്ടുള്ളത്. ഈ കഴിഞ്ഞ പേമാരി കാരണം വെള്ളപ്പൊക്കം ഉണ്ടായപ്പോഴും ആയിരക്കണക്കിന് തൊഴിലാളികളുടെ തറി ഒഴുകിപ്പോയി. അതിന് വേണ്ട നിവേദനങ്ങളും എല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. ആ തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിന് ഉപകരണംപോലും ഇല്ലാത്ത സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. അവരെ നിലനിറുത്തുന്നത് അവിടത്തെ മൂന്നുനാലു സഹകരണ സംഘങ്ങളാണ്. അവിടെയെല്ലാം തന്നെ ധാരാളം തുണി കെട്ടിക്കിടക്കുകയാണ്. ആ തുണികൾ കെട്ടിക്കിടക്കുന്നതിന്റെ കാരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പല വിശദീകരണങ്ങളും തരുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇത് റിബേറ്റ് പ്രഖ്യാപിക്കുന്ന അവസരങ്ങളിൽ മാത്രമേ ചെലവാകാറുള്ളൂ എന്നാണ്. ശരിയാണ്. റിബേറ്റ് പ്രഖ്യാപിക്കുന്ന അവസരങ്ങളിലും ഉൽസവവേളയിലും മാത്രമാണ് ഈ കൈത്തറിത്തുണികൾ ചെലവാകുന്നത്. പക്ഷേ ആ കാലഘട്ടംവരെ കൈത്തറിത്തുണികൾ വാങ്ങി ശേഖരിക്കുന്നതിന് ഈ സഹകരണസംഘങ്ങൾക്ക് കഴിയുന്നില്ല. കാരണം അവർക്ക് കിട്ടേണ്ട റിബേറ്റ് തുക ഗവൺമെൻറിൽനിന്നും കൊടുക്കാൻ കഴിയാത്തതുകൊണ്ട് അവർക്ക് വർക്കിംഗ് ക്യാപ്പിറ്റലും വർക്കിംഗ് ഫണ്ടും ഇല്ലാത്തതുകൊണ്ട് ഈ കൈത്തറിത്തുണി വാങ്ങാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ നൂൽ കൊടുക്കാൻ കഴിയുന്നില്ല. ഇങ്ങനെ വലിയ ബുദ്ധിമുട്ടിൽ ഈ സഹകരണസംഘങ്ങൾ എത്തിച്ചേർന്നിരിക്കുകയാണ്. ഇത് എറണാകുളം ജില്ലയിൽ എല്ലാ സ്ഥലത്തുമുണ്ട്. പ്രമേയാവതാരകനും പിന്താങ്ങിയ ആളുകളും സംസാരിച്ചതുപോലെ അവിടെ മാത്രമല്ല ഈ ബുദ്ധിമുട്ടുള്ളത്. എല്ലാ കൈത്തറി സഹകരണ സംഘങ്ങളും ശ്വാസംവലിക്കുകയാണ്. ലക്ഷക്കണക്കിനു രൂപയുടെ തുണികൾ കെട്ടിക്കിടക്കുന്ന സ്ഥലങ്ങളുണ്ട്. അതുകൊണ്ട് തന്നെ തുണി എടുക്കുന്നില്ല. നൂൽ വാങ്ങിച്ച് കൊടുക്കാൻ കഴിയുന്നില്ല. ഈ ബുദ്ധിമുട്ടിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതുകൊണ്ട് ബാലരാമപുരത്തേക്കായാലും കണ്ണൂർ പ്രദേശത്തേക്കായാലും ഏറ്റവും പരിതാപകരമായ സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നത് പേന്തമംഗലം പറവൂർ താലൂക്കിലെ കൈത്തറിതൊഴിലാളികളാണ്. ഞാൻ നേരത്തെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവന്നിട്ടുണ്ട്. പേമാരി കാരണം വെള്ളപ്പൊക്കമുണ്ടായതുകൊണ്ട് പാടെ തറി നശിച്ചു, നെയ്തുകൊണ്ടിരുന്ന തുണി മുഴുവനും കരിമ്പൻ കയറി നശിച്ചു പോയ പ്രദേശങ്ങളാണ് ആ ഭാഗത്തുള്ളതെല്ലാം. ആ ബുദ്ധിമുട്ട് ബാലരാമപുരത്തും കണ്ണൂരുമില്ല. ഇത് ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് പറവൂരിലാണ്. അതുകൊണ്ട് വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി അവർക്ക് ധനസഹായം കൊടുക്കണമെന്ന് ഗവൺമെൻറിനെ ഞങ്ങൾ അറിയിച്ചിട്ടുള്ളതാണ്. ഈ ഗവൺമെൻറ് വന്നതിനുശേഷം ഇതിനു മുമ്പുണ്ടായിരുന്ന ഗവൺമെൻറുകളേക്കാളും കൂടുതൽ ദിവസത്തെ റിബേറ്റ് കൊടുത്തിട്ടുണ്ട്. പണ്ട് കൊടുത്തിരുന്നത് 1,50,00,000 രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ നാലു കോടി രൂപ കൊടുക്കുന്നുണ്ട്. നാലുകോടി രൂപയുടെ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. 108 ദിവസം റിബേറ്റ് അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം അനുവദിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. സമയത്ത് അവർക്ക് ഫണ്ട് കൊടുക്കാൻ കഴിയണം. ആ സഹകരണ സ്ഥാപനങ്ങളെ സജീവമാക്കി നിറുത്താൻ കഴിയണം. ആ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നടത്താൻ കഴിയണം. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് പറവൂർ മേഖലയിലെ മദ്ധ്യകേരളത്തിലെ കൈത്തറിയെ സംബന്ധിച്ചിടത്തോളം അവർക്ക് റിബേറ്റിനോടൊപ്പം ദുരിതാശ്വാസത്തിൽപ്പെടുത്തി തറി നഷ്ടപ്പെട്ടുപോയവർക്കുള്ള സഹായം കൂടി കൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. വളരെ കുറച്ച് മൂലധനം മുടക്കി വളരെ കൂടുതൽ ആളുകൾക്ക് തൊഴിലവസരം ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന ഒരു പരമ്പരാഗത വ്യവസായമാണ് ഈ കൈത്തറി മേഖല. എന്നാൽ കഴിഞ്ഞ രണ്ട് മൂന്നു കൊല്ലമായി ഈ രംഗം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറ് അനുവർത്തിക്കുന്ന നയങ്ങളുടെ ഫലമായിട്ടാണ് ഒരു ദുഃസ്ഥിതി ഇന്ന് അതിന് കൈവന്നിട്ടുള്ളതെന്ന കാര്യത്തിൽ സംശയമില്ല. എന്തെല്ലാമോ കാര്യങ്ങൾക്കു വേണ്ടി എത്രയോ കോടി രൂപ സംസ്ഥാന ഗവൺമെൻറ് ഈ രണ്ട് മൂന്നു വർഷ കാലങ്ങളിൽ ദുർവ്യയം ചെയ്തു. അതിൻെറ കഥകളൊക്കെ ഇവിടെ പറയപ്പെട്ടിട്ടുണ്ട്. എന്നാൽ കുറച്ചു സംഖ്യ ഈ രംഗത്ത് മുടക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ രണ്ട് മൂന്നു ലക്ഷത്തിലേറെ വരുന്ന കൈത്തറി തൊഴിലാളികളേയും ഇവരെ ആശ്രയിച്ചു ജീവിക്കുന്ന പത്തു ലക്ഷത്തിലേറെ വരുന്ന ജനങ്ങളേയും സംരക്ഷിക്കാനും സഹായിക്കാനും കഴിയുമായിരുന്നു. ആ പ്രവർത്തനങ്ങളിലേയ്ക്ക് ശ്രദ്ധ തിരിയുന്നില്ല എന്നതാണ് ഈ വിഭാഗം ജനങ്ങളുടെ അനുഭവിക്കുന്ന തകർച്ചയുടെ മുഖ്യ കാരണം. കൈത്തറി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ കൈത്തറി വികസന കോർപ്പറേഷനും അതുപോലെ ഹാൻറക്സുമായൊക്കെ ബന്ധപ്പെട്ടു നിൽക്കുന്നതാണ്. ഈ കോർപ്പറേഷൻെറയും ഹാൻറക്സിൻെറയുമൊക്കെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ കോർപ്പറേഷനാണെങ്കിൽ പരിപൂർണ്ണമായും ഉദ്യോഗസ്ഥൻമാരും കുറെ തൊണകക്ഷിക്കാരും മാത്രം അടങ്ങുന്ന ഒരു ഈജിയൻ തൊഴുത്തായി മാറിയിട്ടുണ്ട്. ഇവരുടെ ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് പര്യാലോചിക്കുക എന്നത് ഈ കോർപ്പറേഷൻെറ വിഷയമേയല്ല. ഹാൻറക്സിൻെറ ഘടനയിലും ഇപ്പോൾ മാറ്റം വരുത്തി. ഫലത്തിൽ തൊണ കക്ഷിക്കാരുടെ ഇഷ്ടത്തിനു പ്രവർത്തിക്കുന്ന ഒന്നായി മാറിതുടങ്ങിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഉൽപ്പാദനവും അതിൻെറ വിതരണവും എല്ലാം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അതിനനുസരിച്ച് ഈ സഹകരണ സ്ഥാപനങ്ങൾ സർക്കാർ ജീവനക്കാർക്ക് ലോണായി കൊടുക്കുന്നതും അതുപോലെ റിബേറ്റ് ഇനത്തിൽ ഇവർക്ക് ലഭിക്കേണ്ടതുമായ സംഖ്യ ലഭിക്കാത്തതിൻെറ ഫലമായി എല്ലാ സ്ഥാപനങ്ങളും ഇന്ന് പൂട്ടിക്കിടക്കുകയാണ് മഗ്ഗങ്ങൾ പ്രവർത്തിക്കുന്നില്ല. ഈ തൊഴിലാളികളാകെ കഷ്ടത്തിലാണ്. ഗവൺമെൻറ് തന്നെ പറയുന്നു 1985 വരെയുള്ള കണക്കനുസരിച്ച് ഹാൻറക്സിന് 452.23 ലക്ഷം രൂപ ഈ രണ്ടുവകയിലുമായി കൊടുക്കാനുണ്ട്. ഇത് അടിയന്തിരമായി കൊടുക്കാനാവശ്യമായ നടപടിയുണ്ടാകണം. അതിനു പുറമേ തുണി ഇപ്പോഴും ധാരാളം കെട്ടിക്കിടക്കുന്നുണ്ട്. അതിന് മാർക്കറ്റുകൾ കണ്ടുപിടിക്കാനും അത് വിതരണം ചെയ്യാനുമാവശ്യമായ നടപടിയുണ്ടാകണം. പ്രാഥമിക സഹകരണ സംഘത്തിൻെറ കാര്യം പറയുമ്പോൾ അതിലേറെ കഷ്ടകരമാണ് ഇപ്പോഴത്തെ സ്ഥിതി. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനുവേണ്ട നടപടി എടുക്കണം.

റിബേറ്റിൻെറ കാര്യത്തിൽ ചില തട്ടിപ്പു സംഘങ്ങൾ രംഗത്തുവരുന്നുണ്ട് എന്നതും പര്യാലോചിക്കേണ്ട ഒരു വിഷയമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. റിബേറ്റ് കിട്ടാതെയിരിക്കുകയും ഈ മേഖലയാകെ സ്തംഭിക്കുകയും ചെയ്യുമ്പോഴും കൂണ് പൊടിയുന്നതുപോലെ ചില സ്ഥലങ്ങളിൽ ഉദ്യോഗസ്ഥൻമാരുടെ ആഗ്രഹത്തിനനുസരിച്ച് ചില സഹകരണ സ്ഥാപനങ്ങൾ വരുന്നുണ്ട്. അവർ കടലാസിൽ മാത്രം ഈ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തുണി വാങ്ങിയതായി വരവ് വയ്ക്കുകയും വിറ്റതായി കണക്കു കാണിക്കുകയും കാലാകാലങ്ങളിൽ കിട്ടേണ്ട റിബേറ്റ് സ്വൽപം വൈകിയാണെങ്കിലും കിട്ടുമ്പോൾ അത് പങ്ക് വെച്ചെടുക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കടലാസിൽമാത്രം പ്രവർത്തനങ്ങൾ നടക്കുന്ന ഇതുപോലെയുള്ള സഹകരണ സംഘങ്ങളുള്ളതായി പറയപ്പെടുന്നുണ്ട്. ഈ തട്ടിപ്പുകാരെ പുറത്തു കൊണ്ടു വരുന്നതിന് അന്വേഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നൽകാനുള്ള റിബേറ്റ് അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ സർക്കാർ ജീവനക്കാർക്ക് നൽകിയതിന്റെ പണം കൊടുക്കാനുള്ളത് കൊടുത്ത് ഈ സ്ഥാപനത്തെ നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കുറച്ചു കോടി രൂപയെങ്കിലും മുടക്കി പത്തുലക്ഷത്തോളം വരുന്ന, ഇതിനെ ആശ്രയിച്ചു ജീവിക്കുന്ന ആളുകളെ സംരക്ഷിക്കാൻ വേണ്ട നടപടിയെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. വി. ജോസഫ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ഈ പരമ്പരാഗത വ്യവസായം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റിബേറ്റ് ഇനത്തിലുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. പക്ഷേ ഒരു നഗ്ന സത്യം, ഈ വർദ്ധിപ്പിച്ച റിബേറ്റ് ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് കിട്ടേണ്ട തുക ഒരു വലിയ കുടിശ്ശികയായി നിലനിൽക്കുന്നു. കേരളത്തിലെ ഈ കൈത്തറി മേഖല തകർന്നുകൊണ്ടിരുന്നപ്പോൾ അതിനെ രക്ഷിക്കാനായിട്ട് മുന്നോട്ടുവന്നതാണ് നമ്മുടെ സഹകരണ സംഘങ്ങൾ. പക്ഷേ ആ സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കൊടുക്കാതിരിക്കുന്നത് ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടോ മറ്റോകൊണ്ടായിരിക്കാം. അതിനു പുറമേ നമ്മുടെ ഗവൺമെന്റിൽനിന്നും ജീവനക്കാർക്കുവേണ്ടി വാങ്ങിച്ച വകയിലും കുടിശ്ശിക കൊടുക്കാനുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധനമില്ലാതെ നൂലും മറ്റും വാങ്ങിക്കാൻ പണമില്ലാതെ ഈ സഹകരണ സംഘങ്ങൾ ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് നമ്മുടെ ഗവൺമെന്റിന് പണമില്ലെങ്കിൽ ഒരു സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിട്ടാണെങ്കിൽപോലും, കൊടുക്കാനുള്ള റിബേറ്റും കുടിശ്ശികയും കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇന്ന് പല മേഖലകളിൽനിന്നും കൈത്തറി വ്യവസായം ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ പോളിസ്റ്റർ തുണിപോലുള്ള തുണികളുടെ ആവിർഭാവം, ബോംബെയിൽനിന്നും മറ്റുമൊക്കെ കേരളത്തിലേയ്ക്ക് കടന്നുവരുന്ന റിഡക്ഷൻസെയിൽസ് വലിയ കെട്ടിടവും റേഡിയോയും ഫാനുമൊക്കെയായിട്ടുള്ള കച്ചവടത്തിന്റെയുമെല്ലാം മൽസരം നമ്മുടെ കൈത്തറി മേഖലയെ പുറകോട്ടു പിടിച്ചുനിർത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെ നേരിടണമെങ്കിൽ പുതിയ പുതിയ ഡിസൈനുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കോട്ടാറിലും മറ്റുമൊക്കെ ഞങ്ങൾ ടൂറിനു പോയപ്പോൾ അവിടെ പുതിയ പുതിയ ഡിസൈനിലുള്ള തുണിത്തരങ്ങൾ ആളുകൾ കണ്ടമാനം വാങ്ങിക്കുകയാണ്. അതിനു കാരണം പുതിയ പുതിയ ഡിസൈനുകളാണ്. നമ്മുടെ കൈത്തറി മേഖലയിലും ഇതുപോലെ പുതിയ പുതിയ ഡിസൈനുകളുണ്ടാക്കുവാനും അങ്ങനെ ആധുനീകരിക്കാനും ജനങ്ങളെ ആകർഷിക്കാനും ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്, നമ്മുടെ കേന്ദ്രഗവൺമെന്റ് ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്ന, ടെക്സ്റ്റൈയിൽ വ്യവസായത്തിന് സഹായങ്ങൾ നൽകുന്ന ടെക്സ്റ്റൈയിൽ നയം നമ്മുടെ കൈത്തറി മേഖലയ്ക്ക് ദോഷകരമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആ നിലയ്ക്ക് അത് പരിശോധിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ടെക്സ്റ്റൈയിൽ നയം നമ്മുടെ കൈത്തറിമേഖലയ്ക്ക് ദോഷകരമാണെങ്കിൽ അതിൽ വേണ്ട ഭേദഗതി വരുത്താനുള്ള സമ്മർദ്ദം കൂടി ചെലുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പണ്ടേ ദുർബ്ബലപ്പെട്ടു പിന്നെ ഗർഭിണിയെന്നുള്ള നിലയിലാണ് സർ ഈ കൈത്തറി മേഖല ഇന്ന് ദുരിതമനുഭവിക്കുന്നത്. വളരെയേറെ യാതനയും കഷ്ടപ്പാടും അനുഭവിക്കുന്ന ആ തൊഴിലാളികൾക്ക് കുറച്ചു ദിവസമെങ്കിലും ജോലി കൊടുക്കുന്നതിന് ഒരു ഗവൺമെൻറിനു ചെയ്യാൻ കഴിയുന്ന ഒരു സഹായമാണ് സഹകരണ മേഖലയിലെ ഈ തൊഴിലാളികൾക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. ഗവൺമെൻറ് റിബേറ്റ് ദിവസം വർദ്ധിപ്പിച്ചുവെന്നുള്ളതു സ്വാഗതാർഹമാണ്. പക്ഷേ അത് കൂനിൻമേൽ കുരു എന്നപോലെയാണ്. രണ്ടു കോടി രൂപ കഴിഞ്ഞ തവണ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇത്തവണ 4 കോടി രൂപ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പലതവണ ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ഇപ്പോൾതന്നെ 9 കോടി രൂപ ഈ മേഖലയിൽ റിബേറ്റിനത്തിലും ക്രെഡിറ്റ് സെയിൽസ് ഇനത്തിലും സഹകരണ സംഘങ്ങൾക്കും അപ്പക്സ് സംഘങ്ങൾക്കും കൊടുത്തു തീർക്കാനുണ്ട്. 9 കോടി രൂപ കൊടുത്തുതീർക്കാനുള്ളപ്പോൾ 4 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചാൽ ഈ തുക കൊടുത്തു തീർക്കാൻ കഴിയില്ലെന്ന് ഗവൺമെൻറിനുതന്നെ ബോദ്ധ്യമുള്ള കാര്യമാണ്. ഒരു ദുഃഖകരമായ സത്യംകൂടി മനസ്സിലാക്കാനുണ്ട്. ഈ 9 കോടി രൂപയ്ക്കും ഈ പാവപ്പെട്ട സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്കും അതുപോലെയുള്ള സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങൾക്കും പലിശ കൊടുക്കുന്നു. ഇത്രയേറെ കോടി രൂപയ്ക്ക് പലിശ കൊടുക്കുന്നു 9 കോടി രൂപ അവർ കടം വാങ്ങിയാണ് ഇത് ഉൽപ്പാദിപ്പിക്കുന്നത്. അത് കൊടുക്കാത്തതുകൊണ്ട് ഒരു കൊല്ലക്കാലം 9 കോടി രൂപയ്ക്ക് പലിശ കൊടുത്താൽ ഈ സംഘങ്ങൾ എവിടെ ചെന്നുനിൽക്കും എന്ന് നിങ്ങൾ ആലോചിക്കണം. കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സഹായിക്കുമെന്ന് വാതോരാതെ പ്രസംഗിക്കുന്ന ആളുകൾ ഈ റിബേറ്റ് തുക അടിയന്തിരമായി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ തകർച്ചയുടെ വക്കിൽ ചെന്നുനിൽക്കുന്ന ഈ മേഖലയ്ക്ക് പൂട്ടി താക്കോലുമായി പോകേണ്ട ഒരു സ്ഥിതി വന്നുചേരും. അതുകൊണ്ട് ഈ മേഖലയെ സഹായിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും മുന്നോട്ടുവരണം. പാവപ്പെട്ട തൊഴിലാളികളെ സഹായിക്കണം. കൈത്തറി മേഖലയിൽ കൊടുക്കാനുള്ള റിബേറ്റ് ഒരു ക്ലിപ്ത റേറ്റ്വച്ച് അതിനകം കൊടുത്തുതീർക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് കൈത്തറി. കാസർകോഡ്, കണ്ണൂർ ജില്ലകൾ കൈത്തറിയുടെ ഈറ്റില്ലമാണ്. അതേയവസരത്തിൽതന്നെ ആ കണ്ണൂർ ജില്ലയിൽ പിറന്ന നമ്മുടെ വ്യവസായവകുപ്പുമന്ത്രി മൂന്നരവർഷക്കാലം മാറ്റ് വ്യവസായങ്ങൾ വികസിപ്പിക്കുന്നതോടൊപ്പംതന്നെ കൈത്തറിയുടെ കാര്യത്തിൽ അങ്ങേയറ്റം താൽപര്യമെടുത്തുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം കഴിഞ്ഞ കാലങ്ങളിൽ 61 ദിവസം റിബേറ്റ് കൊടുത്തിരുന്നത് ഇന്ന് നൂറിൽപ്പരമാക്കി. അതുപോലെതന്നെ കഴിഞ്ഞ കാലങ്ങളിൽ രണ്ടരകോടി രൂപയോളം മാത്രമേ ഗ്രാൻറ് അനുവദിച്ചുള്ളുവെങ്കിൽ ഇപ്പോൾ അത് നാല് കോടിയോളം രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത്മാത്രമല്ല ക്രെഡിറ്റ് സെയിലിൻറെ മേഖലയിൽ ഗ്രാൻറ് നൽകാനുള്ള സംവിധാനമുണ്ടായിരുന്നില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം ആണ് ഈ നയത്തിൽ മാറ്റം വരുത്തുകയും ക്രെഡിറ്റ് സെയിലിനുകൂടി ഇത് ബാധകമാക്കാത്തതുകൊണ്ട് ആ കാര്യത്തിൽ ഉദാരമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമീപനം കൈകൊണ്ടതും ഈ കാലഘട്ടത്തിലാണെന്ന് ഓർമ്മപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. അതേ അവസരത്തിൽതന്നെ പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കൂടിശ്ശിക പരമാവധി നൽകാൻ ഗവൺമെന്റ് അതീവ താൽപര്യം കാണിക്കണമെന്നുകൂടി ഈ അവസരത്തിൽ പറയുകയാണ്. അതോടൊപ്പംതന്നെ ഇന്ന് ഇത്രയേറെ കൂടിശ്ശിക വരാനുണ്ടായ കാരണം കഴിഞ്ഞ കാലങ്ങളേക്കാൾ എത്രയോയിരട്ടികണ്ട് സെയിൽസ് വർദ്ധിച്ചതുകൊണ്ടാണ്. കൂടാതെ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് റിബേറ്റ് ശതമാനം വർദ്ധിക്കുകയും റിബേറ്റ് ദിവസങ്ങൾ കൂട്ടുകയും ചെയ്തുകൊണ്ട് റിബേറ്റിനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടിശ്ശിക കൂടുതൽ വന്നതുകൊണ്ടാണ് ഗവൺമെന്റിന്റെ സാമ്പത്തിക നിലയിൽ വളരെയേറെ വിഷമം വന്നിട്ടുള്ളതെന്ന കാര്യം ആർക്കും നിഷേധിക്കുവാൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതോടൊപ്പംതന്നെ ഇക്കാര്യത്തിൽ റിബേറ്റ് നൽകിയതുകൊണ്ടുമാത്രം കൈത്തറി മേഖലയെ രക്ഷിക്കാൻ കഴിയുമെന്ന വിശ്വാസമെനിക്കില്ല. ഇതിനുവേണ്ടി സംസാരിക്കുന്ന നമ്മളും ഒരു പൊതുനയം സ്വീകരിച്ചുകൊണ്ട് ആഴ്ചയിൽ ഒന്നുരണ്ടു ദിവസമെങ്കിലും കൈത്തറി ധരിക്കുവാൻ തയ്യാറാകണം. നമ്മുടെ വ്യവസായ വകുപ്പു മന്ത്രിയും ഇപ്പോൾ കൈത്തറി ധരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. മറ്റ് മന്ത്രിമാരും എം. എൽ. എ-മാരും വിദ്യാർത്ഥികളും ഉദ്യോഗസ്ഥൻമാരുമെല്ലാം ആഴ്ചയിൽ ഒന്നുരണ്ടു ദിവസമെങ്കിലും കൈത്തറി വസ്ത്രം ധരിക്കുവാൻ മുന്നോട്ടുവന്നാൽ തീർച്ചയായും കൈത്തറി വ്യവസായത്തിനൽപ്പമെങ്കിലും...

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ കൊല്ലത്തിൽ ഒരിക്കലെങ്കിലും ഒരു കൈത്തറി ഷർട്ട് ധരിക്കുമോ?

ശ്രീ. സി. ടി. അഹമ്മദ് അലി: ഞാൻ ധരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ കണ്ടിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. ഇനിയും കൂടുതൽ ധരിക്കുവാനാഗ്രഹിക്കുന്നു. അതുകൊണ്ട് ഈ മേഖലയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി മുമ്പൊരു ദിവസം മറുപടി പറഞ്ഞപ്പോൾ റിബേറ്റ് ദിവസത്തിന്റെ എണ്ണം കൂട്ടിയെന്നും അതിന് ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ പൈസ കൊടുത്തുവെന്നും പറഞ്ഞു. ഇതെല്ലാം ചെയ്തിട്ടും ഈ കൈത്തറിമേഖല രക്ഷപ്പെടാവുന്ന ഒരു സ്ഥിതിയിലല്ല. അതിന് എന്താണ് കാരണം? ശ്രീമാൻ എ. സി. ജോസ് ഇവിടെ പ്രസംഗിച്ചപ്പോൾ അദ്ദേഹം എന്തെങ്കിലും പറയുമെന്ന് ഞാൻ വിചാരിച്ചു. അദ്ദേഹം ഒന്നും പറഞ്ഞില്ല. എന്താണെന്നു വച്ചാൽ അദ്ദേഹത്തിന്റെ ഗവൺമെന്റ്, രാജീവ്ഗാന്ധിയുടെ ഗവൺമെന്റ് ഒരു പുതിയ ടെക്സ്റ്റൈൽ നയം കൊണ്ടുവന്നു. അത് നമ്മുടെ കൈത്തറി മേഖലയെ എങ്ങനെ ബാധിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും മറുപടി പറയുമ്പോൾ പറയണം. എന്താണ് സർ ഇന്നത്തെ സ്ഥിതി? ഇന്ന് കൈത്തറി മേഖലയ്ക്ക് നീക്കിവച്ചിരുന്നതെല്ലാം മില്ലുകാർ എടുത്തുകൊണ്ടിരിക്കുകയാണ്. പത്തുപതിനഞ്ച് ഫൈറ്റം ഉണ്ടായിരുന്നു. ഇപ്പോൾ യാതൊരു നിയന്ത്രണവും ഇല്ല. ജനാലയിൽ ഇടുന്ന കർട്ടൻ വരെ ഇപ്പോൾ മില്ലുകാർക്ക് ഉണ്ടാക്കാം. മില്ലുകാർ ലൈസൻസ് കൊടുക്കുന്നതിൽ യാതൊരു നിയന്ത്രണവുമില്ല. എന്തു വേണമെങ്കിലും അവർക്ക് ഉണ്ടാക്കാം. എത്ര വേണമെങ്കിലും മില്ലുകാർക്ക് ഇഷ്ടംപോലെ വികസിപ്പിച്ചെടുക്കാം. ആട്ടോമാറ്റിക് യന്ത്രങ്ങൾ ഇറക്കുമതി ചെയ്തുകൊണ്ട് വികസിപ്പിക്കുവാനുള്ള അവസരമുണ്ടാക്കുകയാണ്. മില്ലുകാരുടെ ഉൽപ്പന്നവും നമ്മുടെ കൈത്തറി മേഖലയിലെ ഉൽപ്പന്നവുംകൂടെ

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റിലിറക്കിയാൽ ഒരിക്കലും നമ്മുടെ കൈത്തറിയുൽപ്പന്നം ചെലവാകുകയില്ല. മില്ലുകാർക്കുള്ളതേ ചെലവാകുകയുള്ളൂ. ആ നിലയിൽ ടെക്സ്റ്റയിൽ പോളിസിയിൽ ഒരു മാറ്റം വരുത്താതെ കൈത്തറി മേഖലയെ രക്ഷിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ ടെക്സ്റ്റയിൽ പോളിസിയിൽ ഒരു മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറുണ്ടോ? തയ്യാറായാൽ മാത്രമേ കൈത്തറിമേഖലയെ രക്ഷപെടുത്തുവാൻ സാധിക്കുകയുള്ളൂ. അതിന് തയ്യാറില്ല. ശ്രീ വി. വി. ജോസഫ് പ്രസംഗിച്ചപ്പോഴും ഇതിനെപ്പറ്റി അഭിപ്രായം ഒരു വാക്ക് എങ്കിലും പറഞ്ഞു കേട്ടു. ബഹുമാനപ്പെട്ട മന്ത്രി ടെക്സ്റ്റയിൽ പോളിസിയിൽ ഒരു മാറ്റം വരുത്താൻവേണ്ടി സമ്മർദ്ദം ചെലുത്തണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിച്ചു കൊള്ളുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഒന്നര ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതമാർഗ്ഗമായിട്ടുള്ള കേരളത്തിലെ ഒരു പാരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. 500-ൽപ്പരം പ്രാഥമിക സഹകരണ സംഘങ്ങളും ഒരു അപ്പക്സ് സംഘവും ഇന്ന് കേരളത്തിലെ കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറയും സംസ്ഥാന ഗവൺമെൻറിൻെറയും നയത്തിൻെറ ഫലമായി നമ്മുടെ കൈത്തറി വ്യവസായം വലിയ പ്രതിസന്ധികളെയും തകർച്ചയെയും നേരിടാൻ പോകുകയാണ്. ഈ നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞ കണക്കനുസരിച്ച് പ്രാഥമിക സംഘങ്ങൾക്ക് 5.6 കോടി രൂപയും ഹാന്റെക്സ് അപ്പക്സ് സംഘങ്ങൾക്ക് രണ്ടു കോടി രൂപയും അതിനു പുറമേ ക്രെഡിറ്റ് സെയിലായി 1.7 കോടി രൂപയുമടക്കം ഒൻപതു കോടി മുപ്പതു ലക്ഷത്തോളം രൂപ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെൻറ് ഈ മേഖലയിൽ കൊടുക്കാനുണ്ട്. ഇതിൽ ഈ വർഷത്തെ ബഡ്ജറ്റിൽ വെറും നാലു കോടി രൂപ മാത്രമേ വക കൊള്ളിച്ചിട്ടുള്ളൂ. ഈ വർഷത്തെ റിബേറ്റ് എമൗണ്ടുകൂടെ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അപ്പക്സ് സംഘങ്ങൾക്കും പ്രവർത്തിച്ച് മുന്നോട്ടു പോകാനാകാത്ത ഒരു സ്ഥിതി വരും. അത് വരാൻ പോകുകയാണ്. ഇന്ന് നമ്മുടെ കേരളത്തിലെ സ്ഥിതി എന്താണ്? ഈ സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും തമിഴ്നാട്ടിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഹാൻഡെക്സ് സ്റ്റോറുകൾ തുടങ്ങുകയും ആ സ്റ്റോറുകൾ മുഖേന കേരളത്തിൽ കൊടുക്കുന്നതിനേക്കാൾ കൂടുതൽ റിബേറ്റ് കൊടുത്തുകൊണ്ട് അവരുടെ കൈത്തറിയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന കൈത്തറിയുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഏറ്റവും വലിയ മാർക്കറ്റായി കാണുന്നത് കേരളത്തെയാണ്. അതേ സമയം നമ്മുടെ ഗവൺമെൻറുകളുടെ ഉള്ള അവസരങ്ങൾ ഉപയോഗിക്കാതെ ഉള്ള വ്യവസായത്തെപോലും തകർക്കുന്ന ഒരു നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഇന്ന് പരമ്പരാഗത വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും ഒക്കെ തകർന്ന് ശ്മശാനോൻമുഖമായിരിക്കുന്നു. കേരളത്തെ രക്ഷിക്കാൻ, കൈത്തറിമേഖലയെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെൻറ് ഉണർന്നു പ്രവർത്തിക്കണം. കേന്ദ്ര ഗവൺമെൻറിൻെറ ടെക്സ്റ്റയിൽ പോളിസിയിൽ മാറ്റം വരുത്തണം. ഇന്നു നേരിടുന്ന പ്രതിസന്ധിയിൽനിന്നും കൈത്തറി സംഘങ്ങളെയും അപ്പക്സ് സംഘത്തെയും സഹായിക്കാൻ അടിയന്തിരമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻെറ പ്രസംഗം നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. കൈത്തറി വ്യവസായത്തിന്റെ ചിതയൊരുക്കുന്ന സർക്കാർ നയം അവസാനിപ്പിക്കണം. 1984-85 കൈത്തറി വർഷമാണ്. മറ്റ് വർഷങ്ങളെ പോലെ ഇത് ഒരു വഞ്ചനയാണ്. മരുപ്പച്ച പോലെയാണ് നെയ്ത്തുകാർക്ക് സഹകരണ മേഖല. ഉൽസവ കാലങ്ങളിൽ മോശമായ കൈത്തറി തുണികൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ കൊണ്ടുവന്ന് വില കുറച്ച് വിൽക്കുകയാണ്. 1979 മാർച്ച് മാസത്തിൽ 39,000 തറികളും 493 സൊസൈറ്റികളും ഇവിടെ ഉണ്ടായിരുന്നു. അവയിൽ ബഹുഭൂരിപക്ഷവും ഇന്ന് നശിച്ചു. നെയ്ത്തുകാർക്ക് ജോലിയില്ല. ഉള്ളവർക്ക് കൂലിയില്ല. കഴിഞ്ഞ നാലു മാസമായി നെയ്ത്ത് സംഘങ്ങൾക്ക് റിബേറ്റ് കൊടുത്തിട്ടില്ല. ഇതിനു പുറമെ വർഷങ്ങളായി ബാക്കിയുള്ള എക്സ്ഗ്രേഷ്യാ ഗ്രാന്റും മറ്റ് ഗ്രാന്റുകളും കൊടുത്തിട്ടില്ല. ഹാൻഡെക്സ് തുണി കൊടുത്ത വകയിൽ സർക്കാർ കൊടുക്കേണ്ട പണവും കൊടുത്തിട്ടില്ല. കോടിക്കണക്കിന് രൂപയുടെ തുണി കെട്ടിക്കിടക്കുകയാണ്. കേരളത്തിന്റെ നെയ്ത്ത് മാതൃകകൾ വിദേശ വിപണികളിൽ കൊണ്ടുപോയി വാങ്ങിയ ഓർഡറുകൾ ബോബെയിലെ എക്സ്പോർട്ട് ഏജൻസികൾ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുകയാണ്. കേരളത്തിന്റെ വ്യാജ ലേബലുകളിലാണ് ഈ കച്ചവടം നടത്തുന്നത്.

സായിപ്പൻമാർക്ക് കൈത്തറിയോട് വെറുപ്പായിരിക്കുന്നു. വിദേശ മാർക്കറ്റിൽ എടുക്കാച്ചരക്കായി മാറിയിരിക്കുകയാണ്. നൂലിന്റെ തീ പിടിച്ച വില, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം, തൊഴിലില്ലായ്മ, കൂലിയില്ലായ്മ ഇവകൊണ്ട് കൈത്തറി മേഖലയിലെ തൊഴിലാളികൾ ഇന്ന് കൊടും പട്ടിണിയിലാണ്. നൂലിന്റെ വില നിയന്ത്രിക്കണം. ദക്ഷിണേന്ത്യയിലാകെ ഏകീകൃത വേതന നയം നടപ്പിലാക്കണം. കൈത്തറി മേഖല ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. നൂൽ ന്യായമായ വിലയ്ക്ക് നൽകണം. ഇപ്പോൾ റിബേറ്റ് ഇനത്തിൽ സർക്കാർ നൽകാനുള്ള കോടി കണക്കിന് രൂപ എത്രയും വേഗം കൊടുത്തു തീർക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയത്തിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട പല മെമ്പർമാരും ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു എന്നു കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അവരോട് ഞാൻ കൃതജ്ഞതയും പറയുന്നു. എന്നാൽ ഈ ഗവൺമെന്റ് ചെയ്ത നടപടികളെ നിഷേധാത്മകമായ നയം, ചിതയൊരുക്കുന്നു എന്നെല്ലാം ആലങ്കാരിക ഭാഷയിൽ പറഞ്ഞ് അധിക്ഷേപിച്ചത് വസ്തുതകൾ മനസ്സിലാക്കാതെയാണ് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കൈത്തറിയെ എവിടെയാണ് അവഗണിച്ചത്. ഇൻഡ്യയിൽ ഏതെങ്കിലുമൊരു സംസ്ഥാന ഗവൺമെന്റ് കൈത്തറിക്കാവശ്യമായ ചായത്തിനും കെമിക്കൽസിനും വിലപന നികുതി ഒഴിവാക്കിയെങ്കിൽ അത് ഈ കേരളാ ഗവൺമെന്റാണ്. കേന്ദ്രധനകാര്യമന്ത്രി ശ്രീ. വി. പി. സിംഗ് ഇതിൽ സംസ്ഥാന ഗവൺമെന്റിനെ അനുമോദിച്ചുകൊണ്ട് ഒരു കത്തയക്കുകയും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളും കേരളത്തിന്റെ മാതൃക പിൻതുടരണമെന്ന നിർദ്ദേശം നല്കുന്നതായും അറിയിക്കുകയുണ്ടായി. ഇതാണോ കൈത്തറി വ്യവസായത്തോട് ഈ ഗവൺമെന്റ് ചെയ്ത കുറ്റം? ഈ ഗവൺമെന്റ് വന്നതിനുശേഷം ചില

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ചെയ്തു. പക്ഷേ അതിന്റെ ഗുണം ആരും മനസ്സിലാക്കിയിട്ടില്ല. ഇതുവരെ ഇവിടെ ഭരിച്ച എല്ലാ ഗവൺമെന്റുകളും കൈത്തറിക്ക് റിബേറ്റ് 61 ദിവസം കൊടുത്തു. ഈ ഗവൺമെന്റ് അത് 101 ദിവസമാക്കി. അതിനാണോ ഇപ്പോൾ കുറ്റം? റിബേറ്റ് ഒന്നുമാത്രമാണ് ഈ കൈത്തറിയെ പിടിച്ചു നിറുത്തുന്ന ഒരു ഓക്സിജൻ. ആ ഓക്സിജൻ കൊണ്ടുമാത്രമേ ഈ പരമ്പരാഗത വ്യവസായം നിലനില്ക്കുകയുള്ളൂ. എന്റെ സ്നേഹിതൻ ശ്രീ. ഭരതനും ഞാനും എല്ലാം വരുന്ന കേരളത്തിലെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന കണ്ണൂർ ജില്ല അടക്കമുള്ള പ്രദേശങ്ങളിലെ കൈത്തറിത്തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടത നേരിട്ട് കണ്ടു മനസ്സിലായതു കൊണ്ടുതന്നെയാണ് അത് പരിഹരിക്കാൻ നടപടി എടുത്തത്. അതിന് ഒരു ഉദാഹരണം റിബേറ്റ് തന്നെയാണ്. മുൻ ഗവൺമെന്റുകൾ 61 ദിവസം റിബേറ്റ് കൊടുത്തിരുന്നത് ഈ ഗവൺമെന്റ് 101 ദിവസമായി വർദ്ധിപ്പിച്ചു. റിബേറ്റിനെ സംബന്ധിച്ച് ഇവിടെ പല കണക്കുകളാണ് പലരും പറഞ്ഞത്. അതുകൊണ്ട് യഥാർത്ഥ കണക്ക് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ കോടിക്കണക്കിന് രൂപ റിബേറ്റിനത്തിൽ ഗവൺമെന്റ് കൊടുക്കാനുണ്ട് എന്ന് പറഞ്ഞത് എങ്ങനെയാണ് എന്നുള്ളത് പറയാം. 1982-83-ൽ കൈത്തറി റിബേറ്റ് കുടിശ്ശിക 260 ലക്ഷം രൂപയായിരുന്നു. 1983-84-ൽ 455 ലക്ഷം രൂപയും 81-85.ൽ 433 ലക്ഷം രൂപയും കുടിശ്ശിക വന്നു. റിബേറ്റ് ദിവസങ്ങളുടെ എണ്ണം 101 ദിവസമാക്കി വർദ്ധിപ്പിച്ചതുകൊണ്ടാണ് ഈ വർദ്ധനവുണ്ടായത്. 1148 ലക്ഷം രൂപ ആകെ കുടിശ്ശികയുണ്ടായിരുന്നിടത്ത് ഇതുവരെ 750 ലക്ഷം രൂപ കൊടുത്തു. ഇനി 398 ലക്ഷം രൂപയാണ് കൊടുക്കാനുള്ളത്. ഇന്നിപ്പോൾ ഈ ഗവൺമെന്റിന്റെ കൈവശമുള്ള 131 ലക്ഷം രൂപകൂടി കൊടുത്തു കഴിഞ്ഞാൽ ഇതുവരെയുള്ള ക്ലെയിംസ് അനുസരിച്ചു ബാക്കി 267 ലക്ഷം രൂപ മാത്രമാണ് കൊടുക്കാനുള്ളത്. പഴയ കാലത്ത് കൊടുക്കാനുള്ളതെല്ലാം കൊടുത്തു. അതിന് ഈ ഗവൺമെന്റ് തീവ്രമായ ശ്രമം നടത്തി എന്നുള്ളതിനു ഏറ്റവും വലിയ ഉദാഹരണമാണ് ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ രണ്ടു കോടി രൂപയ്ക്കുപകരം റിബേറ്റിന് നാല് കോടി രൂപ ഉൾക്കൊള്ളിച്ചത്. നാല് കോടി രൂപ ഉൾക്കൊള്ളിച്ചതുകൊണ്ട് എല്ലാം പരിഹരിച്ചു എന്നു ഞാൻ പറയുകയല്ല. എങ്കിലും ഈ രംഗത്തെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് ചെയ്ത ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണിത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം കൈത്തറി റിബേറ്റിന്റെ കാര്യത്തിൽ എന്തു ചെയ്തു എന്ന് മനസ്സിലാക്കണമെങ്കിൽ പഴയകാലത്തെ ഗവൺമെന്റുകൾ കൊടുത്ത റിബേറ്റിന്റെ കണക്ക് മനസ്സിലാക്കണം. റിബേറ്റ് ആരംഭിച്ച 19 6-77.ൽ 60 ദിവസം കൊടുത്ത തുക 50 ലക്ഷം. 1977-78-ൽ റിബേറ്റ് കൊടുത്തത് 68 ദിവസം, തുക 30.35 ലക്ഷം രൂപ. 1978-79-ൽ റിബേറ്റ് കൊടുത്ത ദിവസം 30, കൊടുത്ത തുക 62.32 ലക്ഷം രൂപ. 1979-80-ൽ റിബേറ്റ് കൊടുത്തത് 60 ദിവസം, തുക 110 ലക്ഷം രൂപ. 1980-81-ൽ റിബേറ്റ് കൊടുത്ത ദിവസം 73, കൊടുത്തത് 131 ലക്ഷം രൂപ. 1981-82-ൽ റിബേറ്റ് കൊടുത്തത് 63 ദിവസം, കൊടുത്ത തുക 183 ലക്ഷം രൂപ. ആകെ മുഴുവൻ കണക്കും എടുത്ത് പരിശോധിച്ചാൽ 354 ദിവസമാണ് ഈ ഗവൺമെന്റ് വരുന്നതു വരെ മുൻഗവൺമെന്റുകൾ റിബേറ്റ് കൊടുത്തത്. തുക 596.65 ലക്ഷം രൂപ. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് പഴയ ഗവൺമെന്റുകൾ ആകെ

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറിക്ക് കൊടുത്ത റിബേറ് 354 ദിവസം, തുക അഞ്ചുകോടി തൊണ്ണൂറ്റിആറ് ലക്ഷത്തി അറുപത്തയ്യായിരം രൂപ. ഈ ഗവൺമെൻറ് വന്നതിനുശേഷമുള്ള കണക്കു ഞാൻ പറയാം. 1982–83-ൽ റിബേറ് കൊടുത്തത് 93 ദിവസം, തുക 155 ലക്ഷം രൂപ. 1983–84-ൽ 101 ദിവസം, കൊടുത്ത തുക 205 ലക്ഷം രൂപ. 1984–85-ൽ 101 ദിവസം, കൊടുത്ത തുക 274 ലക്ഷം രൂപ. ഈ വർഷം, 1985–86-ൽ 30 ദിവസം കൂടി ഇനി ബാക്കിയുണ്ട്, കൊടുത്ത തുക 400 ലക്ഷം. പത്തു കോടി മുപ്പത്തിനാല് ലക്ഷം രൂപ 386 ദിവസങ്ങളിൽ റിബേറ് കൊടുത്തു. ഇതുവരെ മുൻ ഗവൺമെൻറുകൾ 354 ദിവസത്തേക്ക് 596 ലക്ഷം കൊടുത്തപ്പോൾ ഈ ഗവൺമെൻറ് വന്നു കഴിഞ്ഞ മൂന്നു വർഷം കൊണ്ട് 386 ദിവസം കൊണ്ട് പത്തുകോടി മുപ്പത്തിനാല് ലക്ഷം രൂപ റിബേറ് കൊടുത്തു. ഇതാണോ നിഷേധാത്മകമായ നയം. ഇതാണോ കൈത്തറിയിലെ ചിന്തയൊരുക്കൽ! ബഹുമാനപ്പെട്ട മെമ്പർമാരോട് എനിക്ക് പറയാനുള്ളത് കൂടുതൽ തുക, എളുപ്പം കൊടുക്കണമെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. അത് വ്യവസായത്തെ സഹായിക്കാൻ അനുകൂലമായ സാഹചര്യം ഉണ്ടാക്കും. ഇതെല്ലാം ഉന്നംവച്ചുകൊണ്ട് ശ്രീ. നമ്പാടൻ പറഞ്ഞതിനെപ്പറ്റി എനിക്ക് അഭിപ്രായവ്യത്യാസമില്ല, ഈ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളി നേതാക്കൻമാർ കൈത്തറിക്ക് ഈ ഗവൺമെൻറ് ഒന്നും കൊടുക്കുന്നില്ല എന്നു പറയുമ്പോൾ അതിനെപ്പറ്റി വളരെ വിനയപൂർവ്വം എനിക്ക് പറയാനുള്ളത് ഈ വ്യവസായത്തെപ്പറ്റി അറിഞ്ഞുകൊണ്ട് സംസാരിച്ചതല്ല, യേവ് ചെയ്തത് ഇനിയെങ്കിലും ഇത് പറയാതിരിക്കണമെന്നാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ രംഗത്ത് കള്ളസംഘങ്ങൾ ഉണ്ടാക്കി, കള്ള റെക്കാർഡുകൾ ഉണ്ടാക്കി, പ്രവർത്തിക്കാത്ത സംഘങ്ങളിൽ കച്ചവടം നടത്തി എന്നുപറഞ്ഞ് ലക്ഷക്കണക്കിന് രൂപ റിബേറായി ചൂഷണം ചെയ്യുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അത് ഒന്ന് അവസാനിപ്പിക്കുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ പോയിൻറ് ഓഫ് പോയിൻറായിട്ട് പറയുകയാണ്. അതിനെപ്പറ്റി പിന്നീട് പറയാം. ഇവിടെ ഹാൻടെക്സിനെപ്പറ്റി പറഞ്ഞു. ഹാൻടെക്സിനെപ്പറ്റി ഇത്രയൊക്കെ ഗീർവ്വാണപ്രസംഗം നടത്തുന്ന എൻെറ ബഹുമാനപ്പെട്ട സുഹൃത്തുക്കളും ഹാൻടെക്സിന് ഇതുവരെ ഉണ്ടായിരുന്ന വിഷമതകളും തീർക്കുന്നതിന് ഒന്നു ചെയ്തില്ല എന്നുപറഞ്ഞു. അത്ര നിശിതമായി ഈ ഗവൺമെൻറിനെ വിമർശിച്ച ബഹുമാനപ്പെട്ട മെമ്പർമാരോട് വിനയപൂർവ്വം പറയുകയാണ്, ഹാൻടെക്സിൻെറ ക്രെഡിറ് സെയിൽസിലുണ്ടായിരുന്ന പ്രൊസീഡ്യുവർ വളരെ കമ്പർസം ആയിരുന്നു. ആ പ്രൊസീഡ്യുവർ അനുസരിച്ച് അക്കൗണ്ടൻറ് ജനറലിൽ നിന്ന് അനുമതി കിട്ടിയാൽ മാത്രമേ പണം കൊടുക്കാൻ കഴിയുകയുള്ളൂ. ഈ ഗവൺമെൻറ് അത് ലളിതമാക്കി. ഏതെങ്കിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഹാൻടെക്സിൻെറ ക്രെഡിറ് സെയിൽ വകയിൽ സാധനം വാങ്ങി, അവരുടെ ശമ്പളത്തിൽ നിന്ന് തവണകളായിട്ട് പിടിക്കുമ്പോൾ, ആ തുക ഹാൻടെക്സിൻെറ അക്കൗണ്ടിൽ തന്നെ പോകാൻ, ജില്ലാ ലെവലിലുള്ള ട്രഷറിയിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കി. ഹാൻടെക്സിന് ആ പണം എത്രയും എളുപ്പം തിരിച്ചെടുക്കാൻ സാധിക്കുന്ന വിധത്തിലാക്കി. അത് ഒരു നല്ലകാര്യമായിട്ടാണ് എല്ലാവരും പറഞ്ഞത്. 1984 ഡിസംബർ 31 വരെ

LIBRARY ARCHIVES Kerala Legislative Assembly

ഹാൻടെക്സിന്റെ ക്രെഡിറ്റർ സെയിലിൽ കൊടുക്കാൻ ഉണ്ടായിരുന്ന തുക 96.77 ലക്ഷം രൂപയായിരുന്നു. അതിൽ 60 ലക്ഷം രൂപ അടച്ചു കഴിഞ്ഞാൽ ബാക്കി 36.77 ലക്ഷം രൂപ മാത്രമാണ് കൊടുക്കുവാനുള്ളത്. അതാണ് ഹാൻടെക്സിനെ സംബന്ധിച്ചിടത്തോളം ഉള്ള സ്ഥിതി. റിബേറ്റ് ഇനത്തിൽ 122.8 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കൊടുത്തു. ബാക്കി കൊടുക്കാനുള്ളത് 72.80 ലക്ഷം രൂപ മാത്രമാണ്. കോടി കണക്കിന് രൂപ കൊടുക്കാനുണ്ടായിരുന്നത് കുറച്ച് കുറച്ച് ഹാൻടെക്സിനും സഹകരണ സംഘങ്ങൾക്കും ഹാൻഡ്‌വീവിനും കഴിയുന്നത്ര തുക നൽകിയിട്ടുണ്ട്. അത് പോരാ എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഇന്ന് ഹാൻടെക്സിന് പ്രശ്നങ്ങളില്ല. ശ്രീ. വി. ജെ. തങ്കപ്പൻ പറഞ്ഞു ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന്. അങ്ങനെയൊരു ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെയൊരു ഉത്തരവ് കിട്ടിയെങ്കിൽ അത് എന്നെ ഏല്പിക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഹാൻടെക്സ് വാങ്ങുന്നത് പാടില്ലാ എന്നോ ഹാൻടെക്സ് ഇതിലധികം വാങ്ങാൻ പാടില്ല എന്നോ ഗവൺമെന്റ് തലത്തിൽ ഒരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. ബഹുമാനപ്പെട്ട തങ്കപ്പന് അത് സംബന്ധിച്ച് വല്ല വിവരവും ഉണ്ടെങ്കിൽ അത് എന്നെ ഏല്പിക്കണം എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അദ്ദേഹം അത് ചെയ്യുമെന്നാണ് എന്റെ വിചാരം.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, പുതിയ നടപടിക്രമം അനുസരിച്ച് ക്രെഡിറ്റർ സെയിൽസിന്റെ എമൗണ്ട് മുഴുവൻ ഡിസ്ട്രിക്ട് ട്രഷറിയിൽ അടച്ചിട്ട് വളരെ വേഗം സൊസൈറ്റികൾക്ക് കിട്ടുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഞാൻ അത് സമ്മതിക്കുന്നു. നേരത്തെ കൊടുക്കാനുള്ള തുക, ഒരുകോടി എഴുപത്തിയഞ്ചു ലക്ഷം രൂപ ഉണ്ടെന്ന് ഈ നിയമസഭയിൽ മറുപടി പറഞ്ഞതാണ്. അതിൽ കുറച്ച് കൊടുത്തിട്ടുണ്ടാകും. ക്രെഡിറ്റർ സെയിൽസിനുള്ള എമൗണ്ട് കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് മാറ്റി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: സർ, സാധാരണ ക്രെഡിറ്റർ സെയിൽസിന്റെ എമൗണ്ട് കൊടുക്കാറുള്ളത്, അതിന്റെ എല്ലാ വിശദവിവരങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ കയ്യിൽ എത്തിയിട്ട്, എ. ജി. ഗവൺമെന്റിന് അയച്ച്, ഗവൺമെന്റ് അത് ബഡ്ജറ്റിൽ വകയിരുത്തിയാണ്. ഈ വിഷമം പരിഹരിക്കാനാണ് നടപടിച്ചട്ടങ്ങൾ ലഘുവാക്കിയത്. ഏതെങ്കിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ ക്രെഡിറ്റർ സെയിലിൽ വാങ്ങിക്കുന്ന തുണിയുടെ വില തവണകളായി തിരിച്ചടയ്ക്കുമ്പോൾ അത് ഹാൻടെക്സിന്റെ ക്രെഡിറ്റിൽ വരും. ഹാൻടെക്സിന് അത് നേരിട്ട് വാങ്ങാനുള്ള സൗകര്യം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. പഴയ തുക ബഡ്ജറ്റിൽ കൊള്ളിച്ചുകൊണ്ട് കൊടുത്തു തീർക്കുകയാണ്. അത് ഇപ്പോൾ 36.77 ലക്ഷം രൂപയായി ചുരുങ്ങിയിട്ടുണ്ട്. ഇനിയും എ. ജി. യുടെ അനുവാദം വരുമ്പോൾ ആ തുക കൊടുക്കും. ഇതിനു മുമ്പ് ഒരു ഗവൺമെന്റും കൊടുക്കാത്ത അത്രയും തുക ഈ ഗവൺമെന്റ് വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി വളരെ പ്രസക്തമായി ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മുടെ റിബേറ്റ് സൗകര്യം, ആനുകൂല്യം മുതലായവ ദുരുപയോഗപ്പെടുത്തുന്ന ചില സഹകരണ സംഘങ്ങൾ നമ്മുടെ രാജ്യത്ത് നിലവിലുണ്ട് എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. അതിനെതിരായി ഹാൻഡ്ലൂം

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടറേറ്റ് തന്നെ വേണ്ട നടപടികളും എടുക്കുകയും കഴിഞ്ഞ വർഷം ഏതാണ്ട് 16 സംഘങ്ങൾ കൃത്രിമമാണെന്ന് ആരോപിക്കപ്പെട്ട് ചില നടപടികളും എടുക്കുകയും ചെയ്തു. ഈ 16 സംഘങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ഓരോന്നിനെ സംബന്ധിച്ചും കൂടുതൽ അന്വേഷണം നടത്തി, ഈ സംഘങ്ങൾ നടത്തുന്ന കൊള്ളരുതായ്മകൾ അവസാനിപ്പിക്കാൻ ഗവൺമെന്റ് നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്. ഇനിയും റിബേറ്റ് തട്ടിപ്പ് നടത്തുന്ന സൊസൈറ്റികളും കണ്ടുപിടിക്കാൻ ഡിപ്പാർട്ടുമെന്റ് ജാഗരൂകമായി പ്രവർത്തിക്കുമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

മറ്റൊന്ന് ബഹുമാനപ്പെട്ട ഒ. ഭരതൻ ഇവിടെ ഒരു കാര്യം പരാമർശിച്ചു. സഹകരണസംഘങ്ങൾ ബോണസ് കൊടുത്തത് ഗവൺമെന്റ് ഗൈഡ് ലൈൻ അനുസരിച്ച് അല്ലാത്തതുകൊണ്ട് അവർക്കുള്ള റിബേറ്റ് കുടിശ്ശിക നൽകുന്നില്ലാ എന്ന് അദ്ദേഹം പറഞ്ഞു. ഒന്നുരണ്ട് കാര്യങ്ങൾ അദ്ദേഹം ശ്രദ്ധയിൽ പെടുത്തിയപ്പോൾ മാത്രമാണ് എന്റെ ശ്രദ്ധയിൽ പെട്ടത്. ഇത് സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് വേണ്ട അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം നടത്തിക്കഴിഞ്ഞാൽ അത് സംബന്ധിച്ച് നടപടികളും എടുക്കുന്നതാണ്.

ഈ വ്യവസായത്തെ പരിപോഷിപ്പിക്കാനായി ഗവൺമെന്റ് എടുത്തു വരുന്ന നിരവധി നടപടികളിലൊന്ന് ഹാൻഡ്ലൂം സംബന്ധിച്ചുള്ള പ്രദർശനം സംഘടിപ്പിക്കുകയെന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമെന്ന നിലയിൽ ഇൻഡ്യയിൽ വിവിധ ഭാഗങ്ങളിൽ ദേശീയ രീതിയിലുള്ള എക്സിബിഷൻ നടത്തുകയാണ്. ഇക്കൊല്ലം എക്സിബിഷൻ നടത്തുമ്പോൾ അതിലൊന്ന് കേരളത്തിലായിരിക്കണമെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ തീരുമാനം കണക്കിലെടുത്തുകൊണ്ട് കൊച്ചിയിൽ ഡിസംബറിൽ ഒരു ദേശീയ എക്സിബിഷൻ സംഘടിപ്പിക്കാനുള്ള നടപടികളും ഗവൺമെന്റ് ഏറ്റെടുത്തുവരുന്നുണ്ട്.

അതിനുപുറമെ വിപണനരംഗം കൂടുതൽ സജീവമാക്കാനുള്ള നടപടികളും എടുത്തിട്ടുണ്ട്. വിപണനത്തെ സംബന്ധിച്ച് പറയുമ്പോൾ ഒരു കാര്യം പറയാനുള്ളത് കയറുൽപാദനത്തെ സംബന്ധിച്ചാണ്. ദേശീയ അടിസ്ഥാനവുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ കയറുൽപാദനം വേണ്ടത്ര ആയിട്ടില്ല. എന്നിരുന്നാലും കേരളത്തിൽ 1984-85-ലെ കണക്കനുസരിച്ച് സഹകരണമേഖലയിൽ 433 ലക്ഷം രൂപയുടെ കയറുൽപാദനം നടത്തിയിട്ടുണ്ട്. നമ്മുടെ കോർപ്പറേഷനെ സംബന്ധിച്ച് ആകെ 102 ലക്ഷം രൂപയുടെ കയറുൽപാദനമാണ് നടത്തിയത്. 1984-85-ൽ വളരെ കുറഞ്ഞു. 1985-86-ൽ കയറുൽപാദനത്തിന്റെ തോത് വർദ്ധിപ്പിക്കാൻ, കുറഞ്ഞത് രണ്ടര കോടി രൂപയുടെയെങ്കിലും കയറുൽപാദനം നടത്താനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്. കൈത്തറി വ്യവസായം നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ആ വ്യവസായത്തെ പിടിച്ചുനിർത്താനും പരിപോഷിപ്പിക്കാനും എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്രഗവൺമെൻറിൻെറ പുതിയ ടെക്സ്റ്റൈൽ നയം കൊണ്ട് കൈത്തറി മേഖലയ്ക്ക് യാതൊരു ദോഷവും വരില്ലെന്നാണ് മന്ത്രി പറയുന്നത്?

ശ്രീ. ഇ. അഹമ്മദ്: യാതൊരു ദോഷവുമില്ലെന്ന് ഞാൻ പറഞ്ഞില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, അങ്ങിനെയാണെങ്കിൽ ആ ടെക്സ്റ്റൈൽ നയത്തെ സംബന്ധിച്ച് ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ? കേന്ദ്രഗവൺമെൻറ് ആ ടെക്സ്റ്റൈൽ നയം രൂപീകരിക്കുന്നതിന് മുമ്പ് സംസ്ഥാന ഗവൺമെൻറിനോട് ബന്ധപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ടെക്സ്റ്റൈൽ നയം രൂപീകരിക്കുന്നതിന് മുമ്പ് സംസ്ഥാന ഗവൺമെൻറുമായി ബന്ധപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളാ ഗവൺമെൻറിൻെറ അഭിപ്രായം കേന്ദ്രഗവൺമെൻറിനെ തക്കസമയത്ത് അറിയിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ഗവൺമെൻറിൻെറ ടെക്സ്റ്റൈൽ പോളിസിയിൽ, ഇവിടെ കൈത്തറി ഉണ്ട്, മില്ലും ഉണ്ട്. പക്ഷേ ഒരിക്കലും മിൽ വികാസത്തിന് അനുകൂലം ആകുന്നത് ശരിയല്ലെന്നാണ് എൻെറ അഭിപ്രായം. കൈത്തറിയ്ക്ക് റിബേറ്റ് കൊടുക്കണമെന്നുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. അതുകൊണ്ട് ഇതുസംബന്ധിച്ച് എല്ലാവർക്കും കൂടി ഇതിനെ അനുകൂലിക്കാം. പരമ്പരാഗത വ്യവസായത്തിന് സർവ്വവിധ സഹായവും നൽകണം എന്ന ഗവൺമെൻറിൻെറ ഉറച്ച തീരുമാനത്തോട് എല്ലാവരും അനുകൂലിക്കുമെന്നു കരുതുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്ററുടെ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. പത്മനാഭൻെറ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ടി. കണാരൻെറ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച "റിബേറിനത്തിൽ കൈത്തറി വ്യവസായ സഹകരണസംഘങ്ങൾക്കു നൽകേണ്ട മുഴുവൻ കുടിശ്ശികയും അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോടാവശ്യപ്പെടുന്നു." എന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഉച്ചയ്ക്കുശേഷം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(ഉച്ചയ്ക്ക് ശേഷം 4 മണിക്ക് സമ്മേളിക്കുന്നതിനായി സഭ 1.30-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly